# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 12 15 ഫെബ്രുവരി 2014 പുസ്തകം 37 ലക്കം 12 പേജ് 6


ഉൾപ്പേജുകളിൽ


- ARE WE LISTENING? 2
- മരണത്തിനപ്പുറം 3
- അഭിമുഖം 4
- വാർത്തകൾ 5
- ചിന്ത / വാർത്തകൾ 6


വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ഹരിയാന കാമ്പയിൻ

## വൈ.എം.ഇ.എഫ്. ടീം ബിവാനി ജില്ലയിൽ

**അങ്കമാലി:** ദൈവമക്കളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ജനുവരിയിൽ ഹരിയാനയിലെ സിർസാ ജില്ലയിൽ പ്രവർത്തിപ്പാൻ കർത്താവ് സഹായിച്ചു. ഫെബ്രുവരിയിൽ ബിവാനി ജില്ലയിൽ പ്രവർത്തിക്കണം എന്ന് ആഗ്രഹിച്ച് സഹോദരന്മാരായ വർഗീസ് മാത്യൂ (ഉഴവൂർ), സോളമൻ (കറുകുറ്റി), വർഗീസ് ആന്റണി (കോതമംഗലം) ജോളി (തിരുവനന്തപുരം) എന്നിവർ യാത്ര പുറപ്പെട്ടിരിക്കുന്നു. ബിവാനി ജില്ലയിൽ സഹോദരൻ കെ.കെ. തങ്കച്ചൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ടവരോട് ചേർന്ന് ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായിതീരേണ്ടതിനും അനേകർ രക്ഷിക്കപ്പെടേണ്ടതിനും ദൈവമക്കൾ നിരന്തരം പ്രാർത്ഥിക്കുക.

ടീമിനോടു ചേർന്ന് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ എം.സി. ജോർജ്ജു(9446044933) മായി ബന്ധപ്പെടുക. ടീം പ്രവർത്തനത്തിന് സാമ്പത്തികമായി സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ചെക്കുകളും ഡ്രാഫ്റ്റുകളും S.B.I./U.B.I. എന്നീ ബാങ്കുകളുടെ അങ്കമാലി ശാഖയിൽ മാറത്തക്കവണ്ണം എടുത്ത് Y.M.E.F. (N.D) Trust, Near Govt. Hospital, T.B. Road, Angamaly- 683 572 എന്ന വിലാസത്തിൽ അയക്കുക.

എ.ഡി. ജയിംസ്

## സ്നാന ശുശ്രൂഷ

**ഷാപ്പൂർ (കർണ്ണാടക) :** ബ്രദർ ഗർശോം പ്രവർത്തിക്കുന്ന ഷാപ്പൂർ അസംബ്ലിയിൽ നിന്നും കർത്താവിനെ സ്വന്ത രക്ഷിതാവായി അംഗീകരിച്ച 5 പേർ സ്നാനജലത്തിൽ കർത്താവിനെ സാക്ഷീകരിച്ചു. സ്നാനശുശ്രൂഷ ചാമരാജനഗറിലുള്ള സുവി. സുന്ദർരാജ് നിർവ്വഹിച്ചു. വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷനിൽ നിന്നും സഹോദരന്മാരായ വി.എസ്. മാത്യു, ജോർജ്ജ് ശാമുവേൽ, ഷെറി എന്നിവർ സന്നിഹിതരായിരുന്നു. ഇവിടെയുള്ള വിശ്വാസികൾ ആരാധനയും മറ്റു മീറ്റിംഗുകളും നടത്തുന്നത് വാടക കെട്ടിടത്തിലാണ്. അവിടെ ഒരു സഭാഹാൾ ഏറ്റവും അത്യാവശ്യമായിരിക്കുന്നു. ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

പി.റ്റി. ഏബ്രഹാം

### വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ
### വാളകം യൂണിറ്റ്
## ഏകദിന സമ്മേളനം

**മുളന്തുരുത്തി ബ്രദറൺ സഭാഹാൾ**

**2014 ഫെബ്രുവരി 27 വ്യാഴം**

**രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ**

**ശുശ്രൂഷകൻ: ജോർജ്ജ് ചാക്കോ, മാവേലിക്കര**

പ്രാർത്ഥനയോടെ പങ്കെടുക്കുക

സി.പി. പൗലോസ്

# അകത്തെ മനുഷ്യൻ ബലപ്പെടണം

സാം വെള്ളൂർ

**അ**പ്പൊസ്തലനായ പൗലോസ് റോമിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് എഫെസോസിലുള്ള വിശ്വാസികൾക്ക് ലേഖനം എഴുതുമ്പോൾ അവിടെയുള്ള വിശ്വാസികൾ ആത്മീയമായി ബലംപ്രാപിക്കണം എന്ന് ഉദ്ദേശ്യത്തോടുകൂടി താൻ പ്രാർത്ഥിക്കുകയാണ് അകത്തെ മനുഷ്യൻ ബലപ്പെടണമെന്ന് (എഫെസ്യർ 3:16).

അകത്തെ മനുഷ്യൻ എന്നു പറയുമ്പോൾ പൗലോസ് എന്താണ് ഉദ്ദേശിക്കുന്നത്? യവന ചിന്തകൾക്ക് പരിചിതമായിരുന്ന ഒരു പദമായിരുന്നു ഇത്. യവന തത്വജ്ഞാനം അറിഞ്ഞിരുന്ന പൗലോസിന്റെ മനസ്സിൽ ഉണ്ടായിരുന്ന ആശയം അന്ന് നിലവിൽ ഇരുന്ന ആശയങ്ങളുമായി വളരെ പൊരുത്തപ്പെടുന്നതായിരുന്നു. "തത്വജ്ഞാനത്തിന്റെ ഈറ്റില്ലം" എന്നറിയപ്പെട്ടിരുന്ന ഗ്രീസിൽ അനേകം തത്വജ്ഞാനികൾ ഉണ്ടായിരുന്നു. ഗ്രീക്ക് ദാർശികരിൽ പ്രഥമഗണനീയൻ സോക്രട്ടീസ് ആയിരുന്നു. വിജ്ഞാനമുള്ള, കഴിവുള്ള മികവുറ്റ ജനങ്ങളെ വാർത്തെടുക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ഇങ്ങനെ രൂപപ്പെടുത്തിയെടുക്കുന്നവരുടെ അകത്തെ മനുഷ്യൻ ബലപ്പെട്ടിരിക്കുമത്രേ. യവനായ തത്വജ്ഞാനപ്രകാരം അകത്തെ മനുഷ്യന് മൂന്നു ഘടകങ്ങൾ ഉണ്ടായിരുന്നു. അതായത് വിവേകം- മനസ്സാക്ഷി- തീരുമാനശക്തി. ഈ മൂന്നു കാര്യങ്ങളിലും ഉറച്ച് നില്ക്കുന്ന ഒരു വ്യക്തിയാണ് പൂർണ്ണ മനുഷ്യൻ. അതുകൊണ്ടാണ് പൗലോസ് ഈ പദം കടമെടുത്ത് എഫെസോസിലെ വിശ്വാസികളുടെ അകത്തെ മനുഷ്യൻ ബലപ്പെടണം എന്ന് പ്രാർത്ഥിക്കുന്നത്.

> ശരി എന്തെന്ന് അറിഞ്ഞിട്ടും അത് ചെയ്യണമെന്ന് ആഗ്രഹിച്ച് നടപ്പിലാക്കുവാൻ തക്ക തീരുമാനശക്തി ഇല്ലാതെ വരുന്നതാണ് ജീവിതത്തിന്റെ ശക്തിഹീനതയുടെ പ്രധാന കാരണം.

അംബരചുംബികളായ കെട്ടിടങ്ങളുടെ മേൽക്കൂര സിമന്റ് തൂണുകളാണ് താങ്ങി നിർത്തിയിരിക്കുന്നത്. ഈ തൂണുകളുടെ ശക്തിയുടെ രഹസ്യം അവയുടെ ഉള്ളിലുള്ള കമ്പികളത്രേ. സിമന്റ് തൂണുകളുടെ 'അകത്തെ മനുഷ്യൻ' കമ്പികളാണ്. പരീക്ഷകൾ, പ്രയാസങ്ങൾ, ഭാരിച്ച ചുമതലകൾ ഇവയെല്ലാം വിജയകരമായി അഭിമൂഖീകരിക്കുന്ന പല വിശ്വാസികളെയും നമുക്ക് കാണുവാൻ സാധിക്കും. ഇവരുടെ അകത്തെ മനുഷ്യൻ ശക്തിപ്പെട്ടിട്ടുണ്ടെന്ന് സാരാം.

അകത്തെ മനുഷ്യൻ ഇന്ദ്രിയങ്ങൾകൊണ്ട് തിരിച്ചറിയാവുന്നതോ ബാഹ്യ മനുഷ്യരെപ്പോലെ അസ്ഥിഞ്ഞരമ്പുകളാൽ നിർമ്മിതമോ അല്ലാത്ത നമ്മുടെ പ്രകൃതിയുടെ ഒരു ഭാഗമാണ്. അഥവാ "ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ" (1 പത്രോ. 3:4). "അകമെയുള്ള മനുഷ്യൻ" 2 കൊരി. 4:16, "പുതുമനുഷ്യൻ" എഫെ. 4:26 ഇവയെല്ലാം ഏറെക്കുറെ ഒന്നുതന്നെയാണ്. ബലപ്പെടേണ്ട മണ്ഡലം ഇതുതന്നെയാണ്. പുറമെയുള്ള മനുഷ്യൻ ക്ഷയിക്കുമ്പോൾ അകമെയുള്ള മനുഷ്യൻ പൂർണ്ണ ശക്തിയോടെ ബലപ്പെടണം.

ഈ അകത്തെ മനുഷ്യന്റെ മൂന്നു ഘടകങ്ങളെക്കുറിച്ച് അല്പമായി ചിലകാര്യങ്ങൾ ചിന്തിക്കാം.

**1. വിവേകം**

പൗലോസിന്റെ പ്രാർത്ഥന, തന്റെ സഹവിശ്വാസികളുടെ വിവേകശക്തിയെ കർത്താവ് ബലപ്പെടുത്തണം എന്നാണ്. ശരിയേത് തെറ്റേത് എന്നറിയുവാൻ അവർക്ക് കൂടുതൽ ശക്തി ഉണ്ടാകണം. അവരുടെ വികാരങ്ങൾക്കും ജഡികപ്രേരണകൾക്കും അധമ ആഗ്രഹങ്ങൾക്കും അവർ അടിമപ്പെട്ടുപോകരുതെന്ന് പൗലോസ് ആഗ്രഹിച്ചു.

മെരുക്കമില്ലാത്ത കുതിരകളോട് നമ്മുടെ വികാരങ്ങളെ താരതമ്യപ്പെടുത്താം. ഈ കുതിരകളെ കടിഞ്ഞാണിട്ട് പിടിക്കേണ്ടത് വിവേകമാണ്. കോപം, ജഡേച്ഛ ആദിയായ വികാരങ്ങൾ നമുക്ക് ഉണ്ടാകുന്നു., എന്നാൽ അകത്തെ മനുഷ്യന് ബലമുണ്ടെങ്കിൽ ഇതിനെ വിവേകം മൂലം നിയന്ത്രിക്കാം. ഞാനാകുന്ന രഥത്തിന് കെട്ടിയിരിക്കുന്ന കുതിരകളാണ് പഞ്ചേന്ദ്രിയങ്ങൾ. ഈ മരുക്കമില്ലാത്ത കുതിരകളെ നിയന്ത്രിക്കുന്ന സാരഥിയാണ് "അകത്തെ മനുഷ്യൻ." അകത്തെ മനുഷ്യൻ ബലഹീനനെങ്കിൽ കോപത്തിനോ ജഡേച്ഛയ്ക്കോ വിധേയമായി പിന്നീട് നാം ലജ്ജിക്കേണ്ടി വരും. വിവേകവും, വികാരവും തമ്മിൽ വടം വലിക്കുമ്പോൾ വിവേകം ജയിക്കണമെങ്കിൽ കർത്താവ് നമ്മുടെ അകത്തെ മനുഷ്യനെ ബലപ്പെടുത്തണം.

**2. മനസ്സാക്ഷി**

അകത്തെ മനുഷ്യന്റെ മറ്റൊരു ഘടകം മനഃസാക്ഷിയാണ്. മനഃസാക്ഷി എത്രയും നന്നായിരിക്കുന്നുവോ അത്രയും അകത്തെ മനുഷ്യൻ ബലപ്പെടുകയാണ്. അപ്പൊസ്തലനായ പൗലോസ് എബ്രായർക്ക് ലേഖനം എഴുതുമ്പോൾ വിശ്വാസജീവിതം പരമാർത്ഥഹൃദയത്തോടു കൂടെ ആയിരിക്കണമെങ്കിൽ ദുർമനഃസാക്ഷി നീങ്ങി പരമാർത്ഥമഹൃദയത്തോടെ അടുത്തു ചെല്ലണമെന്ന് ഉദ്ബോധിപ്പിക്കുന്നു (എബ്രാ. 10:19-22). കൂടാതെ തിമൊഥെയോസിന് നല്കുന്ന നിർദ്ദേശങ്ങളിൽ "നീ വിശ്വാസവും നല്ല മനഃസാക്ഷിയും" ഉള്ളവനായി അവയെ അനുസരിച്ച് നല്ല യുദ്ധ സേവ ചെയ്യുക എന്നു പറഞ്ഞ് ഉറപ്പിക്കുന്നു. ഹുമനയോസും, അലക്സാണ്ടറും നല്ല മനഃസാക്ഷി തള്ളിക്കളഞ്ഞതു കൊണ്ട് അവരുടെ വിശ്വാസക്കപ്പൽ തകർപോയതായി മുന്നറിയിപ്പ് കൊടുക്കുന്നു.

എഫെസോസിലുള്ള വിശ്വാസികളുടെ മനഃസാക്ഷി തെറ്റും ശരിയും തമ്മിൽ വേഗം തിരിച്ചറിയുവാൻ കഴിവുള്ളതായി തീരണമെന്ന് പൗലോസ് പ്രാർത്ഥിക്കുന്നു. മനഃസാക്ഷിയുടെ പ്രേരണകളെ നാം വകവെയ്ക്കാതിരുന്നാൽ മനഃസാക്ഷി കഠിനപ്പെട്ടു പോകും 1 തിമൊ. 4:2-ൽ ഇപ്രകാരം വായിക്കുന്നു. അവർ സ്വന്തമനഃസാക്ഷിയിൽ ചൂടുവച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിക്കുവാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കണമെന്ന് കല്പിക്കുകയും ചെയ്യുന്നു.

**3. തീരുമാനശക്തി**

അകത്തെ മനുഷ്യന്റെ മൂന്നാമത്തെ ഘടകം തീരുമാനശക്തി എന്നുള്ളതാണ്. ശരി എന്തെന്ന് അറിഞ്ഞിട്ടും അത് ചെയ്യണമെന്ന് ആഗ്രഹിച്ച് നടപ്പിലാക്കുവാൻ തക്ക തീരുമാനശക്തി


➢ശേഷം 2-ാം പേജിൽ


## സുവിശേഷകന്മാർക്ക് റിഫ്രഷർ കോഴ്സ്

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കുവേണ്ടി 2014 മാർച്ച് മാസം 3-ാം തീയതി മുതൽ റിഫ്രഷർ കോഴ്സ് നടത്തുന്നതാണ്. എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച പുതിയ ബാച്ചുകൾ ആരംഭിക്കുന്നതായിരിക്കും. പത്തനംതിട്ടയിലുള്ള സുവിശേഷാലയത്തിലാണ് ക്ലാസുകളും താമസവും ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് ആഴ്ചയാണ് ഒരു ബാച്ചിന്റെ ദൈർഘ്യം. തിങ്കൾ മുതൽ വെള്ളി വരെയാണ് ക്ലാസുകൾ. ക്ലാസിൽ പങ്കെടുക്കുന്നവർക്ക് വെള്ളിയാഴ്ച ശുശ്രൂഷകൾക്കായി അവരവരുടെ സ്ഥലത്തേക്ക് മടങ്ങിപ്പോകുന്നതിന് സാവകാശം ഉണ്ടായിരിക്കും. ഞായറാഴ്ച വൈകിട്ട് മടങ്ങി വരേണ്ടതാണ്. ഓരോ ബാച്ചിലും മുപ്പതു സുവിശേഷകന്മാർക്ക് പ്രവേശനം നൽകുന്നതാണ്. കൂടാതെ, സ്ഥിരമായി സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെടുന്ന സഹോദരന്മാർക്കും പ്രവേശനമുണ്ട്. വേർപെട്ട ദൈവജനത്തിന്റെ മദ്ധ്യത്തിൽ സുവിശേഷ പ്രവർത്തനങ്ങളിൽ മാതൃക പുലർത്തുന്ന സഹോദരന്മാർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447265500 എന്ന നമ്പറിൽ (E-mail: bbipathanamthitta@gmail.com) ബന്ധപ്പെടുക. അപേക്ഷാഫാറം താഴെ നൽകിയിരിക്കുന്ന വിലാസത്തിൽ ലഭ്യമാണ്. Admission Committee, Evangelists' Refresher Course, Brethren Bible Institute, Gospel Hall, Near People's Hospital, Pathanamthitta P.O. & Dist., Kerala, India-689 645.

എം. റ്റി. ജോർജ്ജ് (സെക്രട്ടറി)

സുവിശേഷ ധ്വനി
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക
ഫെബ്രുവരി 15
പുസ്തകം 37, ലക്കം 12

ഓട്ടം തീരുമ്പോൾ വീടും കിരീടവും സ്വന്തം.

# സ്വർണ്ണകുതിപ്പിനു പിന്നാലെ

**ലോ**കം എക്കാലവും സ്വർണ്ണത്തിനും, സമ്പത്തിനും പിന്നാലെ ഓടിയ ചരിത്രം നാം കേൾക്കാറുണ്ട്. അയോഗ്യമായി സ്വർണ്ണത്തിന്റെ പിന്നാലെ ഓടിയവർ പലരാണ്. അതിൽ ചിലർ ഈ അടുത്ത കാലത്ത് വിമാനത്താവളത്തിൽ വെച്ച് പിടിക്കപ്പെട്ടവാർത്ത നാം മാധ്യമങ്ങളിൽ കൂടെ കാണുകയും അറികയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ന്യായമായി സ്വർണ്ണത്തിന് പൊരുതിയവരും ഉണ്ട്. അതിന് കഠിനമായ അധ്വാനം ഉണ്ടെന്ന് നാം മറന്നുപോകരുത്. അനേകദിവസത്തെ പരിശീലനവും കായിക ക്ലേശവും സഹിക്കേണ്ടതുണ്ട്. ദിവസവും ശരീരത്തെ വ്യായാമത്തിലൂടെ തന്റെ ചൊൽപ്പടിക്ക് നിറുത്തുന്നതുമൂലമാണ് ആ നിലയിലുള്ള ഒരു സ്വർണ്ണവേട്ട തന്നെ ദേശീയ അത്‌ലറ്റിക്കു മീറ്റിൽ കേരളം കരസ്ഥമാക്കിയത്.

ദേശീയസ്കൂൾ അത്‌ലറ്റിക് മീറ്റിലെ സ്വർണ്ണനേട്ടത്തിനു പിന്നാലെ കെ.ആർ. ആതിരയ്ക്ക് അടച്ചുറപ്പുള്ള ഒരു വീടിന്റെ സ്വപ്നവും പൂവണി യുന്നു. കോടഞ്ചേരി നെല്ലിപ്പൊയിൽ സെന്റ് ജോൺസ് ഹൈസ്കൂളിലെ 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ് ആതിര. തന്റെ ഭവന നിർമ്മാണ സഹായത്തിന് എത്തിയത് യു.എസ്സിലെ ഒരു വ്യവസായി ആണ്. നെല്ലിപ്പൊയിലെ ഒരു ഹരിജൻ കോളനിയിലെ സാധുവായ ഒരു കുടുംബത്തിലെ അംഗമാണ് ആതിര. തന്റെ അധ്വാനത്തിന് ലഭിച്ച പ്രതിഫലം കണ്ട് അവൾ വളരെ സന്തോഷിച്ചു. പ്രതിഫലത്തിന്മേൽ നോട്ടം വച്ചായിരുന്നു കഴിഞ്ഞ കാലത്തെ കായിക ക്ലേശങ്ങൾ എല്ലാം അവൾ സഹിച്ചത്.

വേദപുസ്തകത്തിന്റെ താളുകളിൽ സ്വർണ്ണത്തിന്റേയും സമ്പത്തിന്റെയും പിന്നാലെ ഓടിയവരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ ഓട്ടം ഒന്നും വിജയിച്ചിട്ടില്ല. അവർ ഓടിയത് ട്രാക് തെറ്റി ആയതിനാൽ അവർക്ക് ലക്ഷ്യസ്ഥാനത്ത് എത്തുവാൻ കഴിഞ്ഞില്ല. സ്വർണ്ണം നഷ്ടപ്പെട്ടവരായി അവർ തീർന്നു. പൗലോസ് തന്റെ പ്രിയപ്പെട്ട ശിഷ്യന് ലേഖനം എഴുതുമ്പോൾ ഇങ്ങനെ പറഞ്ഞു, “ഒരുത്തൻ മല്ല് കെട്ടിയാലും ചട്ടപ്രകാരം പോരായ്കയിൽ കിരീടം പ്രാപിക്കയില്ല” (2 തിമൊ. 2:15). ഇന്ന് വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവരും ഈ ലോകത്തേയും അതിലുള്ളതിനേയും സ്നേഹിച്ച് അതിന്റെ പിന്നാലെ ഓടിക്കൊണ്ടിരിക്കയാണ്. വിശ്വാസിയുടെ ഓട്ടം ശരിയാകണമെങ്കിൽ നോട്ടം ശരിയാകണം. വിശ്വാസിയുടെ നോട്ടം ശരിയാകണമെങ്കിൽ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കണം. നമ്മുടെ ഓട്ടത്തിന്റെ പരിശീലനത്തിന് കോച്ചായി നമുക്ക് മാതൃക കാട്ടി തന്നത് നമ്മുടെ കർത്താവാണ്. നമ്മുടെ ഫിനിഷിങ്ങ് പോയന്റിൻ നിൽക്കുന്നത്, തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷത്തെ ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിലെ മരണത്തോളം എത്തുന്നതുവരേയും ഓടി തികച്ച ഗുരുവാണ്. തന്റെ ഓട്ടം തികച്ചപ്പോൾ പറഞ്ഞു- സർവ്വവും നിവൃത്തിയായി എന്ന്. ഇപ്പോൾ, നമ്മുടെ ഗുരു വിജയം കൈവരിച്ചതിനാൽ ദൈവസിംഹാസനത്തിന്റെ വലത്തുവശത്തുള്ള വിജയപീഠത്തിൽ ഇരിക്കയാണ്.

വിശ്വാസികൾക്കുള്ള സ്വർഗ്ഗീയ ഓട്ടം തികയ്ക്കുന്നത് ഈ ലോകത്തിൽവെച്ചാണ്. അങ്ങനെയുള്ളവർക്ക് പ്രതിഫലം ഉണ്ട്. നമുക്ക് അനുവദിച്ച ട്രാക്കിൽ ഓടിയാണ് ഓട്ടം പൂർത്തീകരിക്കേണ്ടത്. എന്നാൽ പലരും സ്വർണ്ണം നേടാൻ എളുപ്പമാർഗ്ഗം അന്വേഷിക്കുന്നതിനാൽ ട്രാക്ക് തെറ്റി ഓടിക്കൊണ്ടിരിക്കുന്നു. കാണികളുടെ കയ്യടി വാങ്ങിക്കുവാൻ സാധിച്ചു എന്നു വരാം. എന്നാൽ ട്രാക്ക് തെറ്റുന്നുണ്ടോ എന്ന് നോക്കുവാൻ സ്വർഗ്ഗത്തിൽ സിംഹാനത്തിന്റെ വലത്ത് ഒരു ന്യായാധിപൻ ഇരിക്കുന്നുണ്ട്. ശരിയായ രീതിയിൽ ഓടിയിട്ടാണോ ഒന്നാം സ്ഥാനത്ത് എത്തുന്നത് എന്ന് നോക്കാൻ ഫോട്ടോ ഫിനിഷിങ് ക്യാമറയൊന്നും കർത്താവിന് ആവശ്യമില്ല.

കേരളം 17-ാമത്തെ പ്രാവശ്യവും സ്വർണ്ണക്കൊയ്ത്ത് നടത്തിയാണ് മടങ്ങിയത്. കേരളത്തിന്റെ അഭിമാനമായിരുന്നു അവർ. ഇതുപോലെ നമ്മുടെ കർത്താവിന്റെ അഭിമാനമായി നാം തീരട്ടെ. നമ്മുടെ യജമാനൻ കൃതാർത്ഥനാകുവാൻ തക്കനിലയിൽ നമുക്ക് ഓടാം. നല്ല ഒരു ഭവനവും, നീതിയിൻ കിരീടവും നമുക്ക് സ്വർഗ്ഗത്തിൽ ഒരുക്കുന്നുണ്ട്. നമ്മുടെ അധ്വാനം വ്യർത്ഥമല്ലായെന്ന് അറിഞ്ഞ് നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടുവാൻ ദൈവം സഹായിക്കട്ടെ.

**ടി.വി. സൈമൺ**

# ARE WE LISTENING ?

**JITHIN SAM JACOB**
**Koipuram.**

A construction supervisor from 16th floor of a building was calling a worker on ground floor. Because of noise, the worker did not hear his call. To draw attention, the supervisor threw a 10 rupee note in front of the worker. He picked up the note; put it in his pocket and continued to work. Again to draw attention, the supervisor now threw a 500 rupee note and the worker did the same. Now the supervisor picked up a small stone and threw it on the worker. The stone hit the worker. This time the worker looked up and the supervisor communicated with him.

This story is same as of our 'LIFE'... Lord from up, wants to communicate with us, but we are busy doing our worldly jobs. Then, God gives us small gifts and big gifts. We just keep it without seeing from where we got it. We are the same. We just keep it without thanking God; we just say we are LUCKY. Then when we are hit with a small stone, we call it PROBLEMS. Then we look up and communicate with God.

Why is it like this always, that when we face problems, we look up to God? Why can't it be always? When we get a gift from God, no matter what the gift is, no matter the gift is small or big, we just say that we are lucky and move on in our life. We don't see from where we have got it. When we get a gift from above, we don't communicate with God. But when we face some problems in life, we always look up to God and ask for help… We should remember always that if we get gifts in our life or problems in life; everything is being given by God. Whether we get happiness or sorrow, it is given by God. When we get a blessing we feel very lucky and we don't even thank God. But when we face a problem in our life we just turn to him and ask "WHY ME". What right do we have to curse him or to look upon him only in the time of problems? The bible, speaks about one person who was very much faithful. We read that the person was one of the most God fearing persons whose life was upright and who eschewed evil…. When satan is sent to Job for testing, the words spoken by our Lord Jesus Christ are truly blessed ones. Job 1: 8. The testimony said by Jesus Christ is very interesting. After losing everything, Job didn't leave God or cursed him. Even his wife told him to leave God after so much had happened. He had all the blessings in his life. He didn't leave God. He kept on thanking him for the blessings. Even after losing everything, he kept on getting closer to him... Dear brothers and sisters, we all should be like Job. It's true that we are living in a world, where it is very easy to go far from him, where it is easy to fall in the trap set by satan. At that point of time, God wants us to come closer to him by giving us small gifts. We accept it and move on in our life. When we go far from him, we are called by God, to come to him, so that we may be closer to him, by giving us problems. Dear brothers and sisters, let us be closer to him all the time, let us enjoy the blessings that he is giving us… Let us not remember him only in the times of trouble like (during exams time, or any other situation where we feel that only God can help us). Let us communicate with him always, and let us live like good children of God. God wants his children to be near him all the time.

➢ 1-ാം പേജിൽ നിന്നും തുടർച്ച

ഇല്ലാതെ വരുന്നതാണ് ജീവിതത്തിന്റെ ശക്തിഹീനതയുടെ പ്രധാന കാരണം. അകത്തെ മനുഷ്യൻ ബലപ്പെടുമ്പോൾ തീരുമാനശക്തിയും ബലപ്പെടും.

ഞായറാഴ്ച രാവിലെ ആരാധനയ്ക്ക് പോകണമെന്നുള്ള നല്ല തീരുമാനം തകരുന്നതിന് അന്നു രാവിലെ ചെറിയ ഒരു മഴ വന്നാൽ മതിയാകും. പൗലോസ് മൂന്നാം മിഷനറിയാത്ര കഴിഞ്ഞ് മടങ്ങുമ്പോൾ യെരുശലേം സന്ദർശിക്കേണ്ടത് തന്നെപ്പറ്റിയുള്ള ദൈവഹിതമാകുന്നുവെന്ന് തനിക്കറിയാമായിരുന്നു. അങ്ങനെ ചെയ്യണമെന്ന് താൻ തീരുമാനിച്ചു.

“യെരുശലേമിൽ പോകരുതെന്ന് ഞങ്ങളും അവിടുത്തുകാരും അവനോട് അപേക്ഷിച്ചു.'' അതിന് പൗലോസ് നിങ്ങൾ കരഞ്ഞ് എന്റെ ഹൃദയം ഇങ്ങനെ തകർക്കുന്നത് എന്ത്? കർത്താവായ യേശുവിന്റെ നാമത്തിനുവേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരുശലേമിൽ മരിക്കുവാനും ഞാൻ ഒരുങ്ങിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു” (പ്രവൃ. 21:12-13).

പതിനേഴാം നൂറ്റാണ്ടിൽ ഏറ്റവും ശക്തിപ്രാപിച്ച ഒരു സഭയായിരുന്നു മൊറൊബ്യൻ സഭ. അവർ എടുക്കുന്ന തീരുമാനങ്ങൾ അക്ഷരം പ്രതി പാലിച്ചുപോന്നു. അതുകൊണ്ട് ആ സഭ വളരെ വർധിക്കുകയും ആത്മീയമായി ശക്തിപ്രാപിക്കയും ചെയ്തു. ആ സഭയുടെ മുദ്ര ഒരു കാളയും_അതിന്റെ ഇടതുവശത്തും വലതുവശത്തുമായി ഒരു കലപ്പയും ഒരു യാഗപീഠവും ആയിരുന്നു. കർത്താവിനുവേണ്ടി നുകം ഏറ്റ് ഉഴുതുവാനും വേണ്ടിവന്നാൽ യാഗപീഠത്തിൽ എരിഞ്ഞടങ്ങുവാനും അവർ തീരുമാനിച്ചു. എത്ര നല്ല തീരുമാനം. അവരുടെ അകത്തെ മനുഷ്യന്റെ തീരുമാനശക്തി ബലപ്പെട്ടിരുന്നതുകൊണ്ടാണ് അവർക്ക് ആ തീരുമാനം എടുക്കാൻ സാധിച്ചത്.

അകത്തെ മനുഷ്യൻ ബലപ്പെടുന്നതിനുള്ള മാർഗ്ഗം പൗലോസ് സൂചിപ്പിക്കുന്നു.1. ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന് പ്രാർത്ഥിക്കുന്നു. 2. സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടുക. 3. പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിയാൻ പ്രാപ്തരാകണം. 4. ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം.

കർത്താവ് നമ്മുടെ അകത്തെ മനുഷ്യനെ താങ്ങിപ്പിടിക്കുമ്പോൾ നമ്മുടെ വിവേകം ബലപ്പെടും; മനഃസാക്ഷി സചേതനമാകും; തീരുമാനശക്തി കുതിച്ചുകയറും. അതിനു നിങ്ങൾ സമർപ്പിക്കുന്നുവോ?

ഗോത്രങ്ങൾ തേടി..... 72

# കാടർ



ഇവരുടെ വാസസ്ഥലത്തിന്റെ പേര് കാട് (വനം) എന്നാകയാൽ ഒരുപക്ഷേ ഇതിൽ നിന്നാകാം "കാടർ" എന്ന പദം ഉത്ഭവിച്ചത്.

**ജനസംഖ്യ : 3,000**
**സാക്ഷരത : >10%**
**തിരുവചന ലഭ്യത : തിരുവചന പരിഭാഷ നിലവിലില്ല**

"**അ**രിയും വസ്ത്രങ്ങളും സമ്മാനമായി തന്നതിനു നന്ദിയുണ്ട്. എന്നാൽ കർത്താവിനെ ആരാധിക്കാൻ ഞങ്ങൾക്ക് ഒരു സ്ഥലം കൂടി ഒരുക്കി തരികയാണെങ്കിൽ ഞങ്ങൾ കൂടുതൽ നന്ദിയുള്ളവരായിരിക്കും." ഗ്രാമക്കാരുടെ ഒരു വലിയ ആഗ്രഹത്തിന്റെ സൂചനയായ ആ വാക്കുകൾ കേട്ടപ്പോൾ സുവിശേഷ സംഘത്തിലെ ആളുകൾക്ക് വലിയ അതിശയം തോന്നി. അധികാരമുള്ള സർക്കാർ ഓഫീസിൽ നിന്ന് അനുവാദം വാങ്ങിയ ശേഷമാണ് മിഷൻ സംഘം ദൈവസ്നേഹം പങ്കുവയ്ക്കുന്നതിനായി ഇവിടെ ഈ കാടർ ജനവിഭാഗം വസിക്കുന്ന ഒരു ഗ്രാമത്തിൽ കടന്നു ചെന്നത്. അവരുടെ വാക്കുകൾ കേട്ടപ്പോൾ സംഘാംഗങ്ങൾക്കു മനസ്സിലായി ഭൗതിക ആവശ്യങ്ങളെക്കാൾ അവർക്ക് പ്രധാനം ആത്മീയ ആവശ്യമാണെന്ന്.

കേരളത്തിലെ പറമ്പിക്കുളം വന്യജീവി സംരക്ഷണമേഖലയിൽ ഏറെ ഉള്ളിലായിട്ടാണ് കാടർ എന്നറിയപ്പെടുന്ന ജനസമൂഹം പാർക്കുന്നത്. സാധാരണയായി പുറത്തു നിന്നുള്ളവർക്ക് ഇവിടെ പ്രവേശനമില്ല. എന്നാൽ ഇവർ യേശുവിനെ അറിഞ്ഞിരിക്കുന്നു. എങ്ങനെയെന്നറിയില്ല, ചില വർഷങ്ങൾക്കു മുൻപ് "പൊന്നുകുട്ടിയമ്മ" എന്ന ഒരു കാടർ സ്ത്രീ റേഡിയോ പ്രോഗ്രാമിൽ നിന്നും സുവിശേഷം കേട്ടു. ജീവിതം കർത്താവിനായി സമർപ്പിച്ചു. തന്റെ സന്തോഷാധിക്യത്താൽ അവർ ചുറ്റി നടന്ന് കണ്ടവരോടെല്ലാം സുവിശേഷം പറഞ്ഞു. ഏതാനും ചില കാടർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. ദൈവം അവിടെ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. അനേകരെ വിശ്വാസത്തിൽ ഉറപ്പിച്ചു. കാടരിൽ നിന്നു ക്രിസ്ത്യാനികൾ ആയ ഈ സമൂഹമാണ് തങ്ങൾക്ക് ആരാധനയ്ക്കായി ഒരു സ്ഥലം വേണമെന്നു പറഞ്ഞത്.

ഇവിടെയെത്തിയ മിഷൻ സംഘം ഇവർക്കായി ഇപ്പോൾ ഒരു പാസ്റ്ററെ നിയമിച്ചിട്ടുണ്ട്. ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി ഇവർക്ക് അടുത്തായുള്ള ഒരു ടൗണിൽ ഒരു ആരാധനാലയം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

കാടർ പ്രധാനമായും കേരളത്തിലെ പാലക്കാട്, തൃശൂർ ജില്ലകളിലാണ് പാർക്കുന്നത്. കേരളത്തോട് ചേർന്നു കിടക്കുന്ന തമിഴ്നാടിന്റെ ചില പ്രദേശങ്ങളിലും ഇവരെ കാണാം. ഇവരുടെ തൊഴിൽ പ്രധാനമായും ഈ മലയോരങ്ങളിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കൽ, വേട്ടയാടൽ എന്നിവയാണ്. ഇപ്പോൾ കൃഷിക്കാർ, കർഷകതൊഴിലാളികൾ, ബാസ്ക്കറ്റ് നിർമ്മിക്കുന്നവർ, പായ്നെയ്ത്തുകാർ എന്നിങ്ങനെയുള്ളവർ ഇവരുടെ ഇടയിലുണ്ട്. മറ്റു സമുദായങ്ങളെ അപേക്ഷിച്ച് ഇവരുടെ സ്ഥിതി കൂടുതൽ ദയനീയമാണ്. യാത്രാസൗകര്യത്തിനായി റോഡുകളോ, വിദ്യാഭ്യാസ സൗകര്യങ്ങളോ ഇല്ല. വന്യജീവിസംരക്ഷണ മേഖലയിൽ പാർക്കുന്നതിനാൽ ഇവർക്ക് പുറത്തു നിന്നുള്ളവരുമായി സമ്പർക്കത്തിനുള്ള അവസരം തീരെ കുറവാണ്. ഇവിടെ പുറത്തുനിന്നുള്ളവർക്ക് പ്രവേശനം നിരോധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ആവശ്യത്തിൽ ഇരിക്കുന്ന ഈ സമൂഹത്തിന്റെ മധ്യത്തിലേക്ക് തന്റെ വേലക്കാരെ അയയ്ക്കേണ്ടതിന് കൊയ്ത്തിന്റെ യജമാനനോട് പ്രാർത്ഥിക്കാം.

### പ്രാർത്ഥനയ്ക്കായി

- ഇവരുടെ സമൂഹത്തിൽ നിന്നു തന്നെ അനേകം ആളുകൾ സുവിശേഷീകരണ ദൗത്യം ഏറ്റെടുക്കേണ്ടതിന്...
- ഇവർക്ക് ഭക്ഷണസാധനങ്ങളും മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളും അതുപോലെ തന്നെ മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുവാൻ...
- ഇവരുടെ മാതൃഭാഷയിൽ തിരുവചനം ലഭ്യമാകുന്നതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

---

**മരണത്തിനപ്പുറം**

*കഴിഞ്ഞലക്കം തുടർച്ച*

# വിലയേറിയ ആത്മാവും ചുരുങ്ങിയ മനുഷ്യായുസ്സും

**എസ്.ജി. ഗിൽബർട്ട്, ആറാമട**

*b. ദൈവം വച്ച സമയം ഒരിക്കലും മാറ്റുകയില്ല.*

ഭക്തനായ ഇയ്യോബിന്റെ വാക്കുകൾ കുറിക്കൊള്ളേണ്ടതാണ്. "അവന്റെ ജീവകാലത്തിന്നു അവധി ഉണ്ടല്ലോ; അവന്റെ മാസങ്ങളുടെ എണ്ണം നിന്റെ പക്കൽ; അവന്നു ലംഘിച്ചുകൂടാത്ത അതിർ നീ വെച്ചിരിക്കുന്നു" (ഇയ്യോ. 14:5). ദൈവം ഓരോ മനുഷ്യന്റെയും മാസങ്ങൾ പോലും എണ്ണി തിട്ടപ്പെടുത്തിയിരിക്കുന്നു. ദിവസങ്ങൾ നേരത്തെ തന്നെ എണ്ണിതിട്ടപ്പെടുത്തിയിരിക്കുന്നു. അങ്ങനെയുള്ള ദൈവിക നിർണ്ണയങ്ങൾക്ക് മാറ്റം വരികയില്ല.

**നല്ല ആരോഗ്യമുള്ളവരായി ഇനിയും അനേകവർഷം ജീവിക്കും, എനിക്ക് ഒന്നും അടുത്ത സമയത്ത് സംഭവിക്കുകയില്ല എന്നു പ്രതീക്ഷിക്കുന്ന പലരും പ്രതീക്ഷയ്ക്ക് അപ്പുറമായി ലോകം വിട്ട് യാത്രയാകുന്നു. പലവിധ രോഗങ്ങളാൽ വേദന അനുഭവിക്കുന്ന പലരും ഉടനെ മരിക്കും എന്നു പ്രതീക്ഷിക്കുന്നു; പക്ഷേ മരണം അവരെ ഉടനെ തൊടുന്നില്ല.**

*c. മരണ ദിവസം നമുക്കറിയില്ല.*

നമ്മുടെ ആയുസ്സ് ദൈവത്തിന്റെ കരങ്ങളിൽ. ഓരോരുത്തരും എത്രവർഷം, എത്രദിവസം ജീവിക്കണം എന്നതും ദൈവം നേരത്തെ തന്നെ നിശ്ചയിച്ചു വച്ചിട്ടുള്ളതാണ്. മരണം നിശ്ചയമാണെങ്കിലും മരണസമയം നിശ്ചയമല്ല. നാം ഓരോരുത്തരും എത്ര വർഷം തുടർന്ന് ജീവിച്ച് എങ്ങനെ മരിക്കുമെന്നോ ഏതു വർഷം ഏതു സമയം ഏതു ദിവസം മരിക്കും എന്നോ ആർക്കും വെളിപ്പെടുത്തി കൊടുക്കാറില്ല. മരണദിവസം ദൈവത്തിനു മാത്രം അറിയാം. മരണ ദിവസം നാം നേരത്തെ അറിയുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

നല്ല ആരോഗ്യമുള്ളവരായി ഇനിയും അനേകവർഷം ജീവിക്കും, എനിക്ക് ഒന്നും അടുത്ത സമയത്ത് സംഭവിക്കുകയില്ല എന്നു പ്രതീക്ഷിക്കുന്ന പലരും പ്രതീക്ഷയ്ക്ക് അപ്പുറമായി ലോകം വിട്ട് യാത്രയാകുന്നു. പലവിധ രോഗങ്ങളാൽ വേദന അനുഭവിക്കുന്ന പലരും ഉടനെ മരിക്കും എന്നു പ്രതീക്ഷിക്കുന്നു; പക്ഷേ മരണം അവരെ ഉടനെ തൊടുന്നില്ല.

പ്രായ വ്യത്യാസം കൂടാതെ മരണം കടന്നു പിടിക്കുന്നതുകൊണ്ട് നാം എപ്പോഴും നമ്മുടെ നാളുകൾ എണ്ണണം. ഇനി അധിക ദിവസങ്ങൾ മുന്നിൽ ഇല്ലായെന്നുള്ള ചിന്തയിൽ ധൈര്യത്തോടെ പ്രശ്നങ്ങൾ അഭിമുഖീകരിച്ച് മുന്നേറണം. മരണം ഏതു നിമിഷം കടന്നു പിടിച്ചാലും യാത്രയാകാൻ ഒരുങ്ങിയിരിക്കണം.

*d. ഇവിടം വിട്ടുപോകാൻ ഒരുങ്ങിയിരിക്കണം.*

ഒരു യാത്രയ്ക്കു പോകുമ്പോൾ നാം ഓരോരുത്തരും പ്രത്യേകം തയ്യാറെടുപ്പു നടത്തും. യാത്ര എങ്ങനെയുള്ളതാണ് എന്നതിന്റെ അടിസ്ഥാനത്തലാണ് തയ്യാറെടുപ്പ്. വീടിന്റെ അടുത്തുള്ള വീട്ടിൽ ഒരു ആവശ്യത്തിനു പോയാൽ ഒരുപക്ഷേ ഇട്ടരിക്കുന്ന അതേ വേഷത്തിൽ പോയെന്നിരിക്കും. ഒരു വിവാഹത്തിനു പോകുകയാണെങ്കിൽ നേരത്തെ തന്നെ ഏതു വസ്ത്രം ധരിക്കണമെന്ന് നിശ്ചയിക്കും. പുതിയ വസ്ത്രമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് വാങ്ങി നേരത്തെ തയ്പിച്ച് തയ്യാറാക്കി വയ്ക്കും. വസ്ത്രങ്ങൾ അണിഞ്ഞ് സന്തോഷത്തോടെ യാത്രയാകും. ചില ദിവസങ്ങൾ കഴിഞ്ഞു വരുന്ന ഒരു യാത്രയ്ക്കാണ് പോകുന്നതെങ്കിൽ ആവശ്യമായ വസ്ത്രങ്ങൾ, മറ്റു അത്യാവശ്യ സാധനങ്ങൾ നേരത്തെ തന്നെ കരുതി ഒരു പെട്ടിയിലാക്കി വയ്ക്കും. ഉദ്ദേശിക്കുന്ന സമയത്ത് യാത്രയാകും. യാത്രയ്ക്ക് ഒരു തയ്യാറെടുപ്പ് അത്യാവശ്യമാണ്.

**മരണം വലിയൊരു യാത്രയാണ്.**

പൗലോസ് തന്റെ ജീവിതത്തിന്റെ ഒടിവിൽ തന്റെ മരണമാകുന്ന യാത്രയെക്കുറിച്ച് പറയുന്നുണ്ട്. "ഞാനോ ഇപ്പോൾ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു (2 തിമൊ. 4:6). നിര്യാണകാലം എന്നത് പുറപ്പെടാനുള്ള കാലം എന്നാണ് അർത്ഥം. വേർപാടിനുള്ള സമയം അഥവാ യാത്രയ്ക്കുള്ള സമയം എന്നാണ് അർത്ഥമാക്കുന്നത്.

നിര്യാണം എന്നതിനു ആശയം വിശദീകരിക്കാൻ വേദപണ്ഡിതന്മാർ കൊടുത്തിരിക്കുന്ന വിവരണം താഴെ ചേർക്കുന്നു.

a. നങ്കൂരമടിച്ചുകിടക്കുന്ന ഒരു കപ്പൽ യാത്ര പുറപ്പെടുവാൻ സമയമാകുമ്പോൾ നങ്കൂരം വലിച്ചു കയറ്റി കപ്പൽ ബന്ധവിമുക്തമാക്കുന്ന നാവിക ശൈലി.

b. ഉഴവ് നടത്തുന്ന കാളകളെ അധ്വാനം കഴിഞ്ഞ് നുകം അഴിച്ചുവിട്ട് സ്വാതന്ത്ര്യമാക്കുന്ന കർഷക ശൈലി.

c. കൂടാരമടിച്ചിരിക്കുന്ന ഒരു സഞ്ചാരി തന്റെ യാത്ര തുടരുന്നതിനായി കൂടാരം അഴിച്ചു മാറ്റുന്നതിനു കാണിക്കുന്ന ഒരു പ്രയോഗം.

d. ഒരു പ്രശ്നത്തിന്റെ പരിഹാരം കണ്ടെത്തുമ്പോൾ തത്വജ്ഞാനി ഉപയോഗിക്കുന്ന പദം.

മരണം ഒരു വലിയ യാത്രയുടെ പുറപ്പാടാണ്. ഈ ലോക യാത്രയുടെ ഒടുവിലത്തെ നിമിഷം. എഴുപതോ എൺപതോ വർഷം മക്കളോടും കൊച്ചുമക്കളോടും ഭാര്യയോടും ജീവിച്ചശേഷമുള്ള വലിയ യാത്ര. സാധാരണ ഒരു വ്യക്തി യാത്രചെയ്ത് പിന്നെ അതേ സ്ഥലത്തു തന്നെ മടങ്ങിവരും. ഇത് ഒരിക്കലും പിന്നെ തിരികെ ബന്ധുക്കളെയോ സ്വന്തക്കാരെയോ കാണാൻ മടങ്ങിവരാത്ത യാത്ര. മറ്റൊരു ലോകത്തിലേക്കുള്ള യാത്ര.

ഒരിക്കലും നാം കണ്ടിട്ടില്ലാത്ത സ്ഥലത്തേയ്ക്കുള്ള യാത്രയാണ് മരണം. മറ്റുള്ള എല്ലാ യാത്രകളിലും ആവശ്യമുള്ള സാധനങ്ങൾ എടുത്തു കൊണ്ടുപോകാം. ഈ യാത്രയിൽ സാധനങ്ങൾ ഒന്നും കൈയിൽ വയ്ക്കാൻ സാധിക്കയില്ല. യാത്രയിൽ ആരും സഹയാത്രക്കാരായി ഉണ്ടായിരിക്കയില്ല. ഉടുത്തിരിക്കുന്ന വസ്ത്രം പോലും കൊണ്ടുപോകാൻ സാധിക്കയില്ല.

നമ്മുടെ ഉറ്റവരും, ബന്ധുക്കളും, ഭാര്യ, മക്കൾ എന്നിവർ നോക്കി നിൽക്കെ നാം ഒരു ദിവസം ഈ ലോകത്തിൽ നിന്നും യാത്ര പറയും. ഈ ദിവസം ഒരു ദിനം നാം ഓരോരുത്തരും അഭിമുഖീകരിക്കണം. അന്ന് എല്ലാവരെയും കരയിപ്പിച്ചു കൊണ്ട് നാം യാത്രയാകും. ഒരു നാൾ നാം അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും കരഞ്ഞുകൊണ്ട് ലോകത്തിലേക്ക് വന്നു. മറ്റൊരു ദിനം നമ്മുടെ പ്രിയപ്പെട്ടവരെ കരയിപ്പിച്ചു കൊണ്ട് നാം യാത്രയാകും. ഇതാണ് മനുഷ്യന്റെ സ്ഥിതി.

ഒരു ദൈവപൈതലിനു മരണം ദുഃഖമല്ല സന്തോഷകരമാണ്. വിട്ടുപിരിയുമ്പോൾ കർത്താവിന്റെ അടുക്കൽ സ്വർഗ്ഗീയ കനാനിൽ എത്തുന്നു. ഇവിടെ നമ്മുടെ കണ്ണുകൾ ദുഃഖത്തോടെ പ്രിയപ്പെട്ടവർ തിരുമ്മിഅടയ്ക്കുമ്പോൾ നാം സ്വർഗ്ഗത്തിൽ കർത്താവിന്റെ മുമ്പിൽ കണ്ണു തുറക്കപ്പെട്ടവരായി നില്ക്കുന്നു. വിശുദ്ധന്മാർ പറുദീസയിൽ വിശ്രമത്തിനായി എത്തുന്നു. കർത്താവിന്റെ വരവിൽ ശരീരത്തിന്റെ വീണ്ടെടുപ്പു വരെ അവിടെ പാർക്കുന്നു. ശരീര വീണ്ടെടുപ്പിനു ശേഷം കർത്താവിനോടൊപ്പം യുഗായുഗം വസിക്കുന്നു.

രക്ഷിക്കപ്പെടാത്തവർ മരണശേഷം ദുഃഖത്തോടെ യാതനാസ്ഥലത്തേക്കു പോകുന്നു. അന്ത്യന്യായവിധിവരെ അവിടെയായിരിക്കും. ന്യായവിധിക്കുശേഷം നിത്യമായ നരകത്തിലേയ്ക്കു വീഴപ്പെടും.

ഈ മർത്യ ജീവിതത്തിൽ ഇരിക്കുമ്പോൾ സ്വന്തം ആത്മാവിന്റെ രക്ഷ കരസ്ഥമാക്കി നിത്യസ്വർഗ്ഗത്തിനു അവകാശിയായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

അഭിമുഖം

# തളർന്നിട്ടും തളരാത്ത സുവിശേഷം

**ഇരുപതു വർഷമായി അരയ്ക്കു താഴെ തളർന്നു കിടക്കയിൽ ഒരു യൗവ്വനക്കാരൻ.**

**മാസത്തിലൊരിക്കൽ യൂറിൻ ട്യൂബു മാറുവാൻ ആശുപത്രിയിൽ പോകണം...**

**ഇതിനിടയിൽ മൂത്രത്തിൽ പഴുപ്പായാൽ അതിവേദന... ഇതിന്റെ മധ്യത്തിലും പി.വി. സന്തോഷ് (37) സന്തോഷവാനാണ് കാരണം...**

**"അവൻ കിടക്കുന്നത് യേശു കണ്ടു" - യേശുക്രിസ്തുവിന്റെ സാമീപ്യവും സ്നേഹവും മനസ്സിലാക്കി.**

**ഇന്ന് വയനാട്ടിൽ ഇതേ അവസ്ഥയിലൂടെ കടന്നു പോകുന്ന 26 പേരുമായും കേരളത്തിലങ്ങോളമിങ്ങോളം 1800-ൽ പരം വ്യക്തികളുമായും ദൈവസ്നേഹം പങ്കുവയ്ക്കുന്നു- നേരിട്ടുകണ്ടും ഫോണിലൂടെയും കത്തിലൂടെയും 'സ്നേഹിതൻ' മാസികയിലൂടെയും...**

***വയനാട് പോത്തുകെട്ടി സഭാംഗമായ ബ്രദർ പി.വി. സന്തോഷുമായി സുവിശേഷധ്വനി ചീഫ് എഡിറ്റർ നടത്തിയ അഭിമുഖം.***



പി.വി. സന്തോഷ് വചന പഠനത്തിൽ

☞ *ബ്രദർ സന്തോഷ് രക്ഷിക്കപ്പെട്ടതെന്നാണ്? അതിനു മുഖാന്തരമെന്തായിരുന്നു?*

• രക്ഷിക്കപ്പെട്ടത് 1995 ഫെബ്രുവരി രണ്ടിനാണ്. ചെറുപ്പത്തിൽ കുരുമുളകു പറിക്കുന്നതിനിടയിൽ ഏണി ഒടിഞ്ഞ് മരത്തിൽ നിന്നു വീണു അരയ്ക്കു താഴെ തളർന്നു പോയി. പിതാവ് മദ്യാപാനിയായിരുന്നതിനാൽ വീട്ടിലെ മൂത്ത പുത്രൻ എന്ന നിലയിൽ എന്നിൽ വളരെ വലിയ ചുമതലകൾ കുടുംബപരമായി ഉണ്ടായിരുന്നു. എന്നാൽ അതെല്ലാം ഈ വീഴ്ച മൂലം തകർന്നു പോയി. വയനാട്ടിൽ പല ആശുപത്രികളിൽ കയറിയിറങ്ങി കോഴിക്കോട്ടും മണിപ്പാലിലും പല ചികിത്സയ്ക്കു വിധേയനായി. ഒടുവിൽ ആയുർവേദവും നാട്ടുചികിത്സയും നോക്കി. ഒട്ടും ഭേദം വന്നില്ല രണ്ടു കാലുകൾക്കും ചലനശേഷി നഷ്ടപ്പെട്ടു. അങ്ങനെ ഞാൻ വളരെ നിരാശനായി ഭവനത്തിൽ കഴിയുമ്പോൾ മീനങ്ങാടി സഭയിലെ സുവിശേഷകൻ ബിം വി. മാത്യൂ വീട്ടിൽ എന്നെ സന്ദർശിക്കുകയും യേശുവിലൂടെയുള്ള ആത്മരക്ഷയുടെ സുവിശേഷം അറിയിക്കുകയും ചെയ്തു. അതിലൂടെ എനിക്ക് പാപബോധം ഉണ്ടായി; യേശുവിനെ ഞാൻ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

☞ *സ്നാനപ്പെട്ടത് എന്നാണ്?*

• രക്ഷിക്കപ്പെട്ടതിന് ഏതാണ്ട് പത്തുവർഷത്തിനു ശേഷമാണു ഞാൻ സ്നാനപ്പെടുന്നത്. രക്ഷിക്കപ്പെടുന്നവർ കർത്താവിന്റെ കല്പന അനുസരിക്കണമെന്ന് ബോധ്യം വന്നപ്പോൾ ഞാൻ സ്നാനപ്പെട്ടു. ഇപ്പോൾ പോത്തുകെട്ടി ബ്രദറൺ സഭയിൽ കർത്താവിനെ ആരാധിക്കുന്നു.

☞ *വീട്ടിൽ ആരൊക്കെയുണ്ട്? ഉപജീവനമാർഗ്ഗം എങ്ങനെയാണ്?*

• പിതാവും മാതാവും അവിവാഹിതനായ അനുജനും ഇപ്പോൾ വീട്ടിലുണ്ട്. മറ്റൊരു സഹോദരൻ പി.വി. സജി സുവിശേഷകനാണ്, കുടുംബമായി അടുത്തു തന്നെ താമസിക്കുന്നു. ഏക സഹോദരിയെ വിശ്വാസത്തിൽ വരുന്നതിനു മുമ്പ് വിവാഹം ചെയ്ത് അയച്ചു. പിതാവ് രക്ഷിക്കപ്പെട്ടതാണ് ഇതുവരെ സ്നാനപ്പെട്ടിട്ടില്ല. മാതാവ് വിശ്വാസത്തിലാണ്. പിതാവ് കൃഷിക്കാരനാണ് അതാണു ഉപജീവനമാർഗ്ഗം.

☞ *ഇപ്പോൾ ഈവിധം കിടക്കയിലായിട്ട് എത്ര വർഷമായി? ഇതേ അവസ്ഥയിൽ കഴിയുന്നവരെക്കുറിച്ച് ഓർക്കാറുണ്ടോ?*

• ഇരുപതു വർഷമായി. കൃത്യമായി പറഞ്ഞാൽ 1994 ജനുവരി 27 ന് ആയിരുന്നു അപടകം. ഇതുപോലെ ശയ്യാവലംബരായ അനേകർ കേരളത്തിലുണ്ട്. വയനാട്ടിൽ തന്നെ 26 പേരെ എനിക്കു പരിചയമുണ്ട്. കേരളത്തിലാകെ 1800 പേരുമായി നിരന്തരം ഫോണിലൂടെയും കത്തിലൂടെയും മാസികയിലൂടെയും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. പലരും അശരണരാണ്. അവരെ ശുശ്രൂഷിപ്പാൻ ആരുമില്ല. അങ്ങനെയുള്ളവരെ ആശ്വസിപ്പിക്കുവാനും ക്രിസ്തുവിന്റെ സ്നേഹം അറിയിക്കുവാനും ഞാൻ ശ്രമിച്ചുവരുന്നു.

☞ *ഇതേ അവസ്ഥയിൽ കഴിയുന്നവരോട് എന്തു സന്ദേശമാണ് ബ്രദർ പങ്കുവയ്ക്കുന്നത്?*

• നിരാശയിൽ കഴിയുന്നവരോട് കർത്താവിന്റെ സ്നേഹം പങ്കുവയ്ക്കുന്നു. നിരാശപ്പെട്ടു പോകേണ്ട. നിങ്ങളെ സ്നേഹിക്കുന്ന ഒരു കർത്താവ് നിങ്ങളുടെ അരികിലുണ്ട്. തന്നെ സ്വീകരിച്ചാൽ ഈ പ്രതികൂലങ്ങളിലും സമാധാനവും സന്തോഷവും നിങ്ങൾക്ക് ഉണ്ടാകും. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ കഷ്ടതയുടെ പിന്നിലും ഒരു നന്മയുണ്ട് എന്നുള്ളത് എന്റെ ജീവിതത്തിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ കഷ്ടത എന്റെ ആത്മരക്ഷയ്ക്ക് കാരണമായിത്തീർന്നു. കുടുംബത്തിന്റെ രക്ഷയ്ക്ക് കാരണമായി. ഇന്നും അനേകരുടെ ആശ്വാസത്തിനും കാരണമായിത്തീരുന്നു എന്നുള്ളതിൽ സന്തോഷിക്കുന്നു. നമ്മുടെ കഷ്ടത അനേകർക്ക് ആശ്വാസമായിത്തീരണമെങ്കിൽ ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ വ്യാപരിക്കണം.

☞ *ഇതേ അവസ്ഥയിലൂടെ കടന്നു പോകുന്നവരെ നേരിട്ട് സന്ദർശിക്കാറുണ്ടോ?*

• വയനാട്ടിലുള്ളവരെ സന്ദർശിക്കാറുണ്ട്. എന്റെ അനുജൻ പി.വി. സജിയും ഒന്നിച്ചാണ് ഇങ്ങനെയുള്ളവരെ സന്ദർശിക്കുവാനായിട്ട് പോകുന്നത്. തനിക്ക് ഒരു ഒമ്നി വാനുണ്ട്. വാഹനം ചെല്ലുന്ന ഇടങ്ങളിലുള്ളവരെ പോയി കാണുകയും അവരോട് സുവിശേഷം അറിയിക്കുകയും ചെയ്യുന്നുണ്ട്.

☞ *ബ്രദർ ഒരു എഴുത്തുകാരൻ കൂടിയാണല്ലോ? സുവിശേഷധ്വനിയിലും ഇതര ക്രൈസ്തവ മാസികകളിലും സ്ഥിരമായി എഴുതാറുണ്ടല്ലോ? ഏതെങ്കിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ?*

• ഞാൻ പറഞ്ഞല്ലോ എന്നെപ്പോലെ കിടക്കയിലായിരിക്കുന്ന ആയിരക്കണക്കിന് ആളുകളെ ഞാൻ പരിചപ്പെട്ടിട്ടുണ്ട്. അവരെ ഫോണിലൂടെ നിരന്തരം ബന്ധപ്പെടുക എന്നുള്ളത് വളരെ സാമ്പത്തിക ചെലവുള്ള കാര്യമാണ്. അങ്ങനെയുള്ളവരോട് ഞാൻ കണ്ടുമുട്ടിയ ക്രിസ്തുവിനെക്കുറിച്ച് പറയുവാനായി ഏകദേശം രണ്ടു വർഷം മുമ്പ് 'സ്വസ്ഥതയുടെ തീരത്ത്' എന്നൊരു ചെറിയ പുസ്തകം എഴുതി. 5000 കോപ്പികൾ പ്രസിദ്ധീകരിച്ചു. എന്റെ പിതാവ് തികഞ്ഞ ഒരു മദ്യപാനി ആയിരുന്നു. അതു മുഖാന്തരമാണ് എന്റെ കുടുംബം തകർന്ന് ഞാൻ കൂലിപ്പണിക്ക് ഇറങ്ങുവാൻ ഇടയായത്. എന്റെ ഗ്രാമത്തിലും അനേകം യൗവ്വനക്കാർ മദ്യത്തിന് അടിമപ്പെട്ട് കഴിയുന്നുണ്ട്. അങ്ങനെയുള്ളവരുടെ മോചനത്തിനായി "മോചനം" എന്നൊരു ചെറിയ ബുക്ക്ലെറ്റ് എഴുതി പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. എന്റെ സഹോദരൻ സജി വയനാടിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുമ്പോൾ ഈ പുസ്തകങ്ങൾ വിതരണം ചെയ്യാറുണ്ട്. അത് വായിച്ച് ധാരാളം പേർ എന്നെ വിളിക്കാറുണ്ട്.

വയനാട്ടിൽ ഇന്നും കർഷക ആത്മഹത്യകൾ വളരെ നടക്കുന്നുണ്ട്. ആത്മഹത്യയിൽ നിന്ന് അവരെ പിൻതിരിപ്പിച്ച് ക്രിസ്തുവിങ്കലേക്ക് നടത്തുവാനായി "ജീവിതം അമൂല്യമാണ് അത് പാഴാക്കരുത്" എന്നൊരു ട്രാക്റ്റ് എഴുതി വയനാട്ടിലെ അനേകം ഭവനങ്ങളിൽ എത്തിക്കുവാൻ സാധിച്ചു. കൂടാതെ പുകവലിക്കെതിരെ "പുകയുന്ന ലോകം" എന്നൊരു ലഘുലേഖയും എഴുതിയിട്ടുണ്ട്.

☞ *ബ്രദർ ഒരു മാസിക പ്രസിദ്ധീകരിക്കുന്നതായി പരാമർശിച്ചല്ലൊ. അതേപ്പറ്റി വിശദീകരിക്കാമോ?*

• ഞാൻ വീണ് ഇങ്ങനെ തളർന്നു കിടന്നപ്പോൾ ഇങ്ങനെയുള്ള അനേകരെക്കുറിച്ച് അറിയുവാൻ ഇടയായി. അവരും യേശു എന്ന യഥാർത്ഥ സ്നേഹിതന്റെ സാമീപ്യം അറിയണമെന്ന് വളരെ ആഗ്രഹിച്ചു. അങ്ങനെ മനസ്സിൽ തോന്നിയ ഒരു ആശയമാണ് ഒരു മാസിക ക്രമമായി പ്രസിദ്ധീകരിക്കുക എന്നുള്ളത്. ഇപ്പോൾ 10 വർഷത്തോളമായി രണ്ടു

➤➤

## എന്നെ കണ്ടെത്തിയ ആത്മസ്നേഹിതൻ

ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട് കുടുംബത്തിന്റെ നിലനിൽപ്പിനു വേണ്ടി എട്ടാം ക്ലാസ്സിൽ പഠനം നിർത്തി, കൂലിപ്പണി ചെയ്തു വന്നു. അതിനിടയിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമയായി തീർന്നു. ജോലി ചെയ്തു വരവേ മരത്തിൽ



നിന്നും വീഴുകയും നട്ടെല്ലു തകർന്ന് കിടപ്പിലാവുകയും ചെയ്തു. നിരാശയുടെയും രോഗത്തിന്റെയും പിടിയിൽ ആശ്വാസത്തിനു വേണ്ടി ഞാൻ ആശ്രയിച്ചത് മദ്യത്തിലും മയക്കുമരുന്നിലുമാണ്. മയക്കുമരുന്നുകൾക്ക് എനിക്ക് ആശ്വാസം നൽകാൻ കഴിഞ്ഞില്ല.

ഈ കിടപ്പിൽ ആശ്വാസദായകനായ, എന്റെ പാപ സ്വഭാവത്തെ വെറുക്കുന്ന, എന്നെ സ്നേഹിക്കുന്ന യേശുക്രിസ്തുവിനെ ഞാൻ കണ്ടെത്തി. യേശുക്രിസ്തു എന്റെ ജീവിതത്തിൽ സന്തോഷവും സമാധാനവും നൽകി. ഇപ്പോൾ ഞാൻ കിടപ്പിലായിട്ട് 20 വർഷം കൊഴിഞ്ഞു വീണിരിക്കയാണ്.

സ്നേഹിതാ, ഇന്നു മുതൽ ഒരു പുതിയ ജീവിതം നയിക്കുവാൻ താങ്കൾക്ക് കഴിയട്ടെ. നഷ്ടപ്പെട്ട നാളുകളെയോർത്ത് നെടുവീർപ്പിടാതെ സന്തോഷവും സമാധാനവും തരുന്ന, താങ്കളുടെ പാപത്തെ വെറുക്കുന്ന, താങ്കളെ സ്നേഹിക്കുന്ന യേശുക്രിസ്തുവിനെ ജീവിതത്തിന്റെ അധികാരിയാക്കി മാറ്റിക്കൊണ്ട് ഒരു പുതിയ ജീവിതം തുടങ്ങുക.

താങ്കൾ എനിക്കു സമാനമായ അവസ്ഥയിലൂടെ കടന്നുപോകുന്ന ഒരു വ്യക്തിയാണെങ്കിൽ താങ്കളെ പരിചയപ്പെടുവാൻ സന്തോഷമുണ്ട്. കത്തയയ്ക്കുകയോ ഫോണിലൂടെ ബന്ധപ്പെടുകയോ ചെയ്യുക. ദൈവം നിങ്ങളെ ആശ്വസിപ്പിക്കട്ടെ; ബലപ്പെടുത്തട്ടെ.

*വിലാസം: പി.വി. സന്തോഷ്, പുതുവീട്ടിൽ ഹൗസ്, പോത്തുകെട്ടി, കുമ്പളേരി പി.ഒ., വയനാട് ഫോൺ- 04936 260849, 9605164849*

കവിത

## ജീവിത ചക്രം തിരിയുമ്പോൾ...

**പി.വി. സന്തോഷ്, വയനാട്**

ഹാ മർത്ത്യാ ജീവിതമെന്തു കഷ്ടമീ ഭൂവിൽ
എത്ര ക്ഷണികമാം മർത്ത്യാ ജീവിതമീ ഭൂവിൽ
കാറ്റത്തുലയും നൗക പോൽ മർത്ത്യ ഹൃദയം ഭൂവിൽ
ഇന്നു കണ്ടവരൊന്നുമില്ല നാളെയീ ഭൂവിൽ

സ്ഥാനമാനമൊന്നുമേ സുസ്ഥിരമല്ലീ ഭൂവിൽ
സ്ഥാനമാനം കൊണ്ടൊന്നുമേ നേടുകില്ലീ ഭൂവിൽ
രത്നങ്ങൾ പവിഴങ്ങൾ ഏറെയുണ്ടെന്നാകിലും
കൊണ്ടുപോകില്ലൊന്നുമേ ശാശ്വത ഗൃഹത്തിൽ

ബന്ധുക്കൾ മിത്രങ്ങൾ വിട്ടകലുമൊരുനാൾ
എങ്കിലും ശാശ്വത ഭവനത്തിൽ വസിക്കും ഞാൻ
നാഥൻ കൈവിടുകില്ലൊരുനാളും, നാമവൻ പാത
പിൻതുടർന്ന് സ്തോത്രം സ്തുതികളർപ്പിക്കാം

നാം നടക്കും നാൾകളെല്ലാം അഹം എന്ന ഭാവം
നാം കിടക്കും നാൾകളെല്ലാം പരസഹായമർത്ഥിക്കുന്നു
അപ്പോഴെല്ലാം ഓർത്തിടേണം നമ്മെ കാക്കും നാഥനെ
സ്തുതി സ്തോത്രങ്ങളർപ്പിക്കാം കർത്തൻ വരുവോളം

ഹാ മർത്ത്യാ ജീവിതമെന്തു സമാധാനമീ ഭൂവിൽ
എത്ര അതുല്യം മർത്ത്യ ജീവിതമീ ഭൂവിൽ
കാൽവറി ക്രൂശിൽ നമുക്കായ് ജീവൻ വെടിഞ്ഞ
കർത്തനെ സ്വഹൃദയത്തിലേറ്റിയാൽ.

## പ്രത്യേക പ്രാർത്ഥനയ്ക്ക്

തലയോലപ്പറമ്പ് സഭാംഗമായ സഹോദരൻ പി.ജെ. തങ്കച്ചൻ ഒരു വാഹനാപകടത്തിൽ വലതുകൈയുടെ തോൾഭാഗത്തിന് താഴെയായി ഒടിയുകയും ശരീരത്തിൽ മറ്റു പരുക്കുകൾ പറ്റുകയും ചെയ്തു. ഇടിച്ച കാർ ഡ്രൈവർ തന്നെ ആ വാഹനത്തിൽ തലയോലപ്പറമ്പിനു സമീപത്തുള്ള മുട്ടുചിറ ആശുപത്രിയിൽ ആക്കി. 10000 രൂപ കെട്ടിവെച്ചതിനു ശേഷം ഓപ്പറേഷൻ ചെയ്തു സ്റ്റീൽ കമ്പി ഇട്ടിരിക്കയാണ്. എത്രയും വേഗം സൗഖ്യം പ്രാപിക്കാൻ ദൈവജനം പ്രാർത്ഥിക്കേണമേ. ഈ പ്രിയ സഹോദരൻ സഭയിൽ ശുശ്രൂഷയ്ക്ക് നല്ല ഉത്സാഹിയാണ്. താൻ വാടകവീട്ടിൽ താമസിച്ചുകൊണ്ട് പെയിന്റിംഗ് പണി ചെയ്താണ് കുടുംബം പുലർത്തുന്നത്. സഹോദരന് ഭാര്യയും ഒരു മകനും ഉണ്ട്.

ബാബു, കെ.ജെ. ജോസഫ്
(9446122591)

## കമന്റേഷൻ ലെറ്റർ

സഹോദരൻ റ്റി.എ. ജോഷി 1993-ൽ സി.എസ്.ഐ. പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് 1994-ൽ സ്നാനപ്പെട്ട് മൂവാറ്റുപുഴ ബ്രദറൺ സഭയോടു ചേരുവാൻ ഇടയായി. സഭയായി കർത്താവിനെ ആരാധിച്ചുവരവെ സഹോദരന് വടക്കേ ഇൻഡ്യയിൽ പൂർണ്ണ സമയ സുവിശേഷ വേലയ്ക്കുള്ള വിളി ലഭിച്ചു. തന്റെ ജോലി ഉപേക്ഷിച്ച് രണ്ടു വർഷക്കാലം രാജസ്ഥാനിലെ നോർത്ത് ഇൻഡ്യൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവവചനം പഠിച്ചതിനു ശേഷം മടങ്ങി വന്നു. വിഹാഹത്തിനു ശേഷം കുടുംബമായി മധ്യപ്രദേശിലെ സീഹോറിലേക്ക് കടന്നുപോയി ആ സഭയോടുള്ള ബന്ധത്തിൽ സഹോദരൻ ബെന്നി ചരലിനോടു ചേർന്ന് രണ്ടു വർഷക്കാലം സുവിശേഷവേല ചെയ്തു.

ഇപ്പോൾ ഹോഷംഗബാദ് ജില്ലയിലെ ഇറ്റാർസിയിൽ കുടുംബമായി താമസിച്ച് കർത്താവിന്റെ വേല ചെയ്തുവരുന്നു. പ്രിയ സഹോദരനെ ദൈവജന സമക്ഷം പരിചയപ്പെടുത്തുന്നതിൽ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ട്. സഹോദരൻ ജോഷിയെ പൂർണ്ണ സമയ സുവിശേഷവേലക്കാരൻ എന്ന നിലയിൽ ഞങ്ങൾ കമന്റ് ചെയ്തുകൊള്ളുന്നു. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ സഭയായി അഭ്യർത്ഥിക്കുന്നു.

ഭാര്യ: ബിജി, രണ്ട് പെൺമക്കൾ: ജെസ്ലിൻ (9-ാംക്ലാസ്സ്), ജെൻസി (8-ാം ക്ലാസ്സ്) ഭാര്യാമാതാവ് : ഏലിയാമ്മ എന്നിവരടങ്ങുന്നതാണ് സഹോദരന്റെ കുടുംബം.

സഹോദരന്റെ വിലാസം: T.A. Joshy, Satpura Colony, Old Ittarsi, Hoshangabad (Dist), Madhyapradesh, Pin: 461 111. Mob: 08989425946

സ്റ്റാൻലി ഏബ്രഹാം, പി.സി. ബെന്നി, ജോണി മാനുവൽ

## മഹത്വത്തിൽ



**കോട്ടയം:** കൈതാത്തുശ്ശേരിൽ പരേതനായ കെ.കെ. തോമസിന്റെ ഭാര്യ **ജെയ്നമ്മ തോമസ് (86)** ഫെബ്രു. 3-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. പരേതനായ ഇ.പി. വർഗീസിന്റെ (അങ്കമാലി) മകളാണ്. ഭൗതികശരീരം ഫെബ്രു. 5-ന് ഒളശ്ശ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.



**കുമ്പനാട്:** റിട്ട. അധ്യാപകൻ പുതുപ്പറമ്പിൽ **പി. എ. ഏബ്രഹാം (85)** കർത്തൃസന്നിയിലേക്ക് ചേർക്കപ്പെട്ടു. ഫെബ്രു. 5-ന് അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**പത്തനംതിട്ട:** കുലശേഖരപതി ഇടപ്പടവിൽ (ചരിവുകാലായിൽ) **ജോസഫ് ബേബി (85)** കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 6-ന് പത്തനംതിട്ട ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ വഹിക്കുക.



**തിരുവല്ല:** പാമല പണിക്കമ്മാട്ട് പരേതനായ റ്റി. മാത്യുവിന്റെ സഹധർമ്മിണി **റേച്ചൽ മാത്യൂസ് (കുഞ്ഞമ്മ-84)** ജനു. 30-ന് താൻ പ്രത്യാശ വച്ചിരുന്ന മഹത്വതീരത്തേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 1-ന് കിഴക്കൻ മുത്തൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ചുവന്നമണ്ണ്:** ചുവന്നമണ്ണ് സഭാ മൂപ്പന്മാരിൽ ഒരാളായിരുന്ന കാരോളിപറമ്പിൽ **കെ.എം. പൗലോസ്** ജനുവരി 31-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചു. മൈസൂരിൽ സുവിശേഷകനായ വെങ്കിടേഷ് മൂർത്തിയുടെ ഭാര്യാപിതാവാണ്. ഭൗതിക ശരീരം ഫെബ്രു. 2-ന് അനേക വിശുദ്ധന്മാരുടെ സാന്നിധ്യത്തിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും



തൃശ്ശൂർ ഗോസ്പൽ ടീം കടപ്പ ജില്ലയിൽ

**കടപ്പ** (ആന്ധ്ര):ദൈവകൃപയാൽ തൃശ്ശൂർ ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടന്നു വരുന്നു. ദൈവമക്കൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതുപോലെ ആന്ധ്രാപ്രദേശിലെ പ്രവർത്തനം കടപ്പ ജില്ലയിൽ ജനുവരി 25 മുതൽ ആരംഭിക്കുവാൻ ദൈവം സഹായിച്ചു. പരസ്യപ്രവർത്തനം, ഭവന സന്ദർശനം, രാത്രിയോഗങ്ങൾ ലഘുലേഖവിതരണം എന്നിവയിലൂടെ കടപ്പയിലെ ഗ്രാമങ്ങളിൽ ദൈവവചനം അറിയിച്ചുകൊണ്ടിരിക്കുന്നു. ഈ ദിവസങ്ങളിൽ ഒരു തടസ്സവും ഇല്ലാതെ പ്രവർത്തിക്കുവാൻ ദൈവം കൃപ നൽകി. കടപ്പ ജില്ലയിലെ വിവിധ സ്ഥലം സഭകളിലെ സുവിശേഷകന്മാരും വിശ്വാസികളും വേലയിൽ സഹകരിച്ചു വരുന്നു. ഫെബ്രുവരി 25 വരെ ആണ് ആന്ധ്രയിലെ വേല ക്രമീകരിച്ചിട്ടുള്ളത്. ടീമിന്റെ പ്രവർത്തനങ്ങളെ ഓർത്ത് തുടർന്നും ദൈവജനം പ്രാർത്ഥിക്കുമല്ലോ.

ടിമ്മി ആഡംസ്
എ.ജെ. വാവച്ചൻ

➤➤

മാസത്തിലൊരിക്കൽ "സ്നേഹിതൻ" എന്ന ഒരു ചെറിയ മാസിക പ്രസിദ്ധീകരിക്കുന്നു. തളർന്നു കിടക്കുന്നവർക്ക് ഇത് അയച്ചു കൊടുക്കുന്നു. കർത്താവിലൂടെയുള്ള സന്തോഷമാണ് ഇതിലെ പ്രമേയം. സാക്ഷ്യങ്ങളും നുറുങ്ങു കഥകളും ഉണ്ടാവും. രക്തസാക്ഷികളുടെ ജീവചരിത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇപ്പോൾ 1000 കോപ്പികൾ പോകുന്നുണ്ട്. തളർന്നു കിടക്കുന്നവരുടെ കിടക്കയ്ക്കരികിൽ ഇത് എത്തുമ്പോൾ അവർക്ക് അതൊരു ആശ്വാസമാണ്. യൂറിൻ ട്യൂബ് മാറ്റുവാനായി എല്ലാമാസവും ഒരിക്കലെങ്കിലും എനിക്ക് ആശുപത്രിയിൽ പോകേണ്ടി വരുന്നു. അവിടെയും ഈ മാസിക വിതരണം ചെയ്യുന്നു.

☞ *സാധാരണ ഇത്തരത്തിൽ കിടക്കയിലായിരിക്കുന്നവർ നിരാശരും മുൻകോപികളും റിബൽ മനോഭാവമുള്ളവരുമായാണ് കണ്ടിട്ടുള്ളത്. എന്നാൽ ബ്രദർ പേരുപോലെ തന്നെ സന്തോഷവാനായി കാണപ്പെടുന്നു. അതിന്റെ രഹസ്യം എന്താണ്?*

- തൃശ്ശൂരുള്ള വി.റ്റി. ജോണി, കൊരട്ടി ഇവിടെവന്ന് സന്തോഷിന്റെ വീട്ടിൽ ക്രിസ്തുവിലുള്ള സന്തോഷം എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഫിലി. 4:4-ൽ കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ എന്നു പൗലോസ് ഫിലിപ്യ വിശ്വാസികളോടു പറഞ്ഞതാണ് താൻ പ്രമേയമായി പരാമർശിച്ചത്. കാരാഗൃഹത്തിൽ കിടക്കുന്ന ഒരു വ്യക്തിക്ക് എപ്പോഴും സന്തോഷിക്കുവിൻ എന്നു പറയുവാൻ ഇടയായെങ്കിൽ എന്റെ ജീവിതത്തിലും ആ സന്തോഷം ഉണ്ടാകേണ്ടതിന്റെ ആവശ്യകത അന്ന് ആ ആദ്യ ബൈബിൾ ക്ലാസ്സിലൂടെ ബോധ്യമായി. അങ്ങനെ ആദ്യകാലങ്ങളിൽ എനിക്കുണ്ടായിരുന്ന നിരാശ മാറി; ഞാൻ സന്തോഷവാനായി.

സന്തോഷ് എന്ന പേരിന് സംസ്കൃതത്തിൽ തൃപ്തി എന്ന അർത്ഥമാണ് കൊടുത്തിരിക്കുന്നത്. കർത്താവിലൂടെ ഞാൻ തൃപ്തിയുള്ളവനായിത്തീർന്നു. മാത്രമല്ല എഫെ. 1:3-ൽ പറഞ്ഞിരിക്കുന്നതുപോലെ സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും ക്രിസ്തുവിൽ എന്നെ നിറച്ചിരിക്കുമ്പോൾ ഞാൻ എന്തിന് നിരാശപ്പെടണം?

☞ *സഹോദരന്റെ രചനകളിലെല്ലാം ഹാസ്യം ഇഴചേർന്നിരിക്കുന്നു. അതിന്റെ ലക്ഷ്യം എന്താണ്?*

- ഇന്നു വയനാശീലം പൊതുവെ കുറവാണ്. നമ്മുടെ ആനുകാലികങ്ങളിൽ പലതും റാപ്പർ പോലും പൊട്ടിക്കാതെ കിടക്കുന്നതു കണ്ടിട്ടുണ്ട്. എന്റെ രചനകളിൽ ഗഹനമായ വിഷയങ്ങൾ ഒന്നുമില്ലെങ്കിലും ലളിതമായ സത്യങ്ങൾ ഹാസ്യത്തിന്റെ പിൻബലത്തോടെ അവതരിപ്പിക്കുമ്പോൾ ആളുകൾ അത് വായിക്കുന്നു. നിരവധിപേർ എന്നെ ഫോണിൽ വിളിച്ച് ഇക്കാര്യം പറയാറുണ്ട്.

☞ *മറ്റെന്തെല്ലാം പ്രവർത്തനങ്ങൾ ബ്രദർ ചെയ്യുന്നു?*

- ഞാൻ ഇപ്പോൾ മാസത്തിലൊരിക്കൽ ശരീരം തളർന്നു കിടക്കുന്നവരുടെ അടുക്കൽ പോകുന്നുണ്ട്. കൂടാതെ മാസികകൾക്ക് രചനകൾ അയയ്ക്കുന്നു; ആശുപത്രി സന്ദർശനം ചെയ്യുന്നു. കഴിയുമെങ്കിൽ സജിയോടൊപ്പം പരസ്യയോഗത്തിനു പോകുന്നുണ്ട്.

☞ *ഇന്നത്തെ വേർപെട്ട വിശ്വാസ സമൂഹത്തെക്കുറിച്ച് എന്തു പറയുന്നു?*

- ആദ്യസ്നേഹം കുറഞ്ഞുപോയിരിക്കുന്നു എന്ന ഒരു കുറവ് ഇന്നു പൊതുവെ കാണുന്നു. തന്നെയുമല്ല തലമുറയെ നാം അറിഞ്ഞ ഈ സത്യത്തിലേക്കു നടത്തുന്നതിൽ മാതാപിതാക്കൾ പലപ്പോഴും പരാജയപ്പെടുന്ന കാഴ്ചയാണു കാണുന്നത്. 'ഞങ്ങളെ നോക്കൂ' എന്നു പറയത്തക്ക മാതൃകയുള്ളവർ കുറയുന്നു. മാത്രമല്ല, ഉപദേശങ്ങൾ സ്വീകരിക്കുവാൻ ആരും തയ്യാറാകുന്നില്ല. ഈ അടുത്ത സമയത്തു സുവിശേഷധ്വനിയിൽ 'നാടോടുമ്പോൾ' എന്നൊരു ലേഖനം എഴുതിയിരുന്നത് ഈ പശ്ചാത്തലത്തിലാണ്. അതു വായിച്ച് വളരെപ്പേർ എന്നെ വിളിച്ചു.

☞ *സുവിശേഷധ്വനി വായനക്കാരോട് പറയാനുള്ളത്...?*

- വായനക്കാരിൽ നിരവധി പേർ ഇത്തരത്തിലുള്ള വിവിധ കഷ്ടതയിലൂടെ കടന്നുപോകുന്നവരായിട്ട് ഉണ്ടാകുമല്ലോ. ഈ ജീവിതം കഴിഞ്ഞ് നാം കർത്താവിനെ കണ്ടുമുട്ടുമ്പോൾ, ആ സുദിനം ഓർക്കുമ്പോൾ തന്നേ അപ്പൊസ്തലൻ പറഞ്ഞതുപോലെ ഈ ലോകത്തിലെ കഷ്ടങ്ങൾ ഏതുമില്ല എന്നു എണ്ണുവാൻ നമുക്ക് കഴിയണം.

☞ *സുവിശേഷധ്വനിയെപ്പറ്റി...?*

- സുവിശേഷധ്വനി മാസത്തിൽ രണ്ടു പ്രാവശ്യം എനിക്ക് മുടങ്ങാതെ ലഭിക്കുന്നുണ്ട്. അതിലെ ലേഖനങ്ങളും കവിതകളും ഫീച്ചറുകളുമെല്ലാം വളരെ പ്രയോജനകരമാണ്; നിലവാരമുള്ളതാണ്. അതിലെ പ്രാർത്ഥനാവിഷയങ്ങൾ ഓർത്ത് ക്രമമായി പ്രാർത്ഥിക്കുന്നുണ്ട്. എല്ലാവായനക്കാർക്കും എന്റെ സ്നേഹവന്ദനങ്ങൾ. സുവിശേഷധ്വനിക്ക് എല്ലാ ആശംസകളും നേരുന്നു. നന്ദി. ●

**അനുസ്മരണം**

## പിതാവിനെ ഓർക്കുമ്പോൾ



ഞങ്ങളുടെ പ്രിയ പിതാവ് റ്റി.ജെ. കോശിയെ, ഫെബ്രു. 1-ാം തീയതി താൻ പ്രിയം വച്ചിരുന്ന കർതൃസവിധത്തിലേക്കു ചേർക്കുവാൻ സ്വർഗ്ഗത്തിനു പ്രസാദമായി. സംസ്ക്കാര ശുശ്രൂഷ ഫെബ്രു. 4-ന് രാവിലെ ഡോ. കെ.സി. ജോൺസന്റെ അധ്യക്ഷതയിൽ ആരംഭിക്കുകയും ഡോ. ഒ.എം. സാമുവേൽ, ഡോ. ഉമ്മൻ ഫിലിപ്പ് എന്നിവർ വചനത്തിൽ നിന്ന് ആശ്വാസദൂതുകൾ നല്കുകയും ചെയ്തു. ഉച്ചയ്ക്കു 12.30-ന് വിവിധ സ്ഥലങ്ങളിൽ നിന്നും കടന്നു വന്ന അനേക വിശുദ്ധൻമാരുടെ സാനിധ്യത്തിൽ, ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ പുന്തല ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. സഹോദരൻ ചാൾസ് ജോൺ പ്രത്യാശാ ദൂതു നൽകി.

1926 ഫെബ്രുവരി 23-ാം തീയതി പുന്തലയിൽ മാമ്പിലാൽ കുടുംബത്തിൽ യോഹന്നാന്റെയും അന്നമ്മയുടെയും ദ്വിതീയ പുത്രനായി ജനിച്ചു. ദൈവഭയമുള്ള കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടുവെങ്കിലും ക്രിസ്തുവിനെ തന്റെ രക്ഷിതാവായി സ്വീകരിച്ചിരുന്നില്ല. എന്നാൽ ജോലിയോടുള്ള ബന്ധത്തിൽ മുംബൈയിൽ ആയിരുന്നപ്പോൾ തനിക്ക് മരണകരമായ രോഗം പിടിപെടുകയും അത് തന്റെ ആത്മരക്ഷയ്ക്ക് മുഖാന്തരമാവുകയും ചെയ്തു. തുടർന്ന് ഫോർട്ട് അസംബ്ലിയിലെ സഹോദരൻ ബിൽ തോംസണിന്റെ കൈക്കീഴിൽ സ്നാനമേറ്റു. പിന്നീട് സാന്താക്രൂസ് അസംബ്ലിയിലേക്ക് മാറിയ അദ്ദേഹം 1984-ൽ താൻ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുവരെയും അവിടെ തുടർന്നു. അതിനു ശേഷം സ്വന്തസ്ഥലമായ പുന്തലയിലേക്ക് മടങ്ങിവരികയും അവിടെയുള്ള സ്ഥലം സഭയുമായി സഹകരിച്ച് ചുറ്റുപാടുമുള്ള സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കു വഹിക്കുകയും ചെയ്തു. മക്കളും കൊച്ചുമക്കളും ആയിരിക്കുന്ന സ്ഥലങ്ങളിൽ അതാതു സ്ഥലം സഭകളോടു ബന്ധപ്പെട്ട് നിൽക്കുന്നു. സുവിശേഷകൻ കോശി മാത്യൂ കർത്തൃവേലയോടുള്ള ബന്ധത്തിൽ മുംബൈയിൽ ആയിരിക്കുന്നു.

ഈ സമയം തങ്ങളുടെ സാന്നിധ്യത്തിലൂടെയും വാക്കുകളിലൂടെയും ഞങ്ങൾക്ക് ആശ്വാസം പകർന്നു തന്ന എല്ലാ പ്രിയപ്പെട്ടവരോടുമുള്ള നന്ദിയെ അറിയിച്ചുകൊള്ളുന്നു. തുടർന്നും ഞങ്ങളെയും പ്രത്യേകാൽ ഞങ്ങളുടെ മാതാവ് തങ്കമ്മ കോശിയെയും പ്രാർത്ഥനയിൽ ഓർക്കുക.

കോശി മാത്യൂ, മുംബൈ

## സി.റ്റി.ഇ.എം. പ്രാർത്ഥനായോഗം

പുത്തൻകാവ് ബ്രദറൺ സഭാഹാളിൽ വച്ച് 2014 ഫെബ്രുവരി 21 വെള്ളി രാവിലെ 9.45 മുതൽ ഉച്ചയ്ക്ക് 1.15 വരെ നടത്തുവാൻ ആഗ്രഹിക്കുന്നു. ഗാനപരിശീലനം (കെ.വി.എസ്. ഗാനങ്ങൾ), വചനശുശ്രൂഷ, ഗ്രൂപ്പ്പ്രാർത്ഥന മുതലായവ ഉണ്ടായിരിക്കും. വചന ശുശ്രൂഷ ജോർജ്ജ് ചാക്കോ (മാവേലിക്കര). സഹോദരീസഹോദരന്മാർക്ക് സ്വാഗതം.

ജയിംസ് വർഗീസ്സ്, കല്ലിശ്ശേരി

# കെ.ഇ.എം. ഫണ്ട് പ്രത്യേക അറിയിപ്പ്

കെ.ഇ.എം. ഫണ്ട് പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനാപൂർവ്വം സഹകരിക്കുന്ന ദൈവമക്കളുടെയും സുവിശേഷകന്മാരുടെയും അടിയന്തിര ശ്രദ്ധയ്ക്ക് താഴെ പറയുന്ന വിഷയങ്ങൾ അറിയിക്കുന്നു.

1. കെ.ഇ.എം. ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സംഭാവന നേരിൽ അയക്കുന്നവർ ദയവായി എഴുത്തു മുഖേനയോ ഫോണിലൂടെയോ ഇ-മെയിൽ കൂടെയോ വിവരങ്ങൾ അറിയിക്കണം. ഈ വിവരങ്ങൾ ലഭിക്കാത്തതിനാൽ ചില സംഭാവനകൾക്ക് രസീത് അയക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഇത് നിയമപരമായ പ്രശ്നങ്ങൾക്ക് കാരണമായിത്തീരും.
   (സംഭാവനകൾ നൽകിയവരിൽ ഇതുവരെയും രസീത് ലഭിക്കാത്തവർ ഉണ്ടെങ്കിൽ എത്രയും വേഗം ആ വിവരം അറിയിക്കണം)
2. സംഭാവന ലഭിച്ച സുവിശേഷകന്മാർ രസീത് അയക്കുന്നില്ലായെങ്കിൽ തുടർന്നുള്ള സംഭാവനകൾ തുടരാൻ പാടില്ലെന്ന് ഗവ. അധികാരികളിൽ നിന്നുള്ള കർശന ഉത്തരവു ലഭിച്ചിട്ടുണ്ട്. 2013 ഏപ്രിൽ മുതൽ ഉള്ള രസീതുകൾ അയക്കാത്തവർ എത്രയും വേഗം രസീത് അയക്കുന്നില്ലെങ്കിൽ സംഭാവനകൾ തുടർന്ന് അയക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ദയവായി സഹകരിക്കണം.
3. സംഭാവനകൾക്ക് ഒപ്പിട്ട് അയ്ക്കുന്ന രസീതുകളിൽ മേൽവിലാസവും തീയതിയും നിർബന്ധമായി രേഖപ്പെടുത്തിയിരിക്കണം.
4. 5000/- രൂപയിൽ കൂടുതൽ സംഭാവന ലഭിക്കുന്നവർ രസീതുകളിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് അയച്ചു തരണം.

കെ.ഇ.എം. ഫണ്ട് സുഗമമായി മുമ്പോട്ടു കൊണ്ടുപോകുവാൻ പ്രാർത്ഥനയും സഹകരണവും തുർന്നും ഉണ്ടാകണമെന്ന് ദൈവനാമത്തിൽ അപേക്ഷിക്കുന്നു.

വിലാസം: P.E. Samkutty, Melathethil House, P.O. Box 38, Kumbanad P.O., 689 547, Thiruvalla, Kerala. Ph: 0469 2664712, 9495204611 (M). Email: melathethils@yahoo.com

# വാളകം കൺവൻഷൻ ഫെബ്രു. 20 മുതൽ

**കൊട്ടാരക്കര:** വാളകം ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ ഫെബ്രു. 20 മുതൽ 23 വരെ അസംബ്ലി ഗ്രൗണ്ടിൽ ക്രമീകരിച്ചിരിക്കുന്ന കൺവൻഷനിൽ സഹോദരന്മാരായ പി.എം. ജോർജ്ജുകുട്ടി, സണ്ണി ഫിലിപ്പ്, റ്റി.പി. കനകരാജ് എന്നിവർ പ്രസംഗിക്കും. പമ്പാവാലി ഷാലോം വോയ്സ് ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും. അനുഗ്രഹകരമായ നടത്തിപ്പിനായി ദൈവജനം പ്രാർത്ഥിക്കുക.

സാം സഖറിയ

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം ചെങ്ങറ ബ്രദറൺ അസംബ്ലി ഹാളിൽ 22-02-2014 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടക്കുന്നതിനാൽ വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

എ.എം തോമസ് മൈലപ്രാ (9946188372), റ്റി.ജി. മാത്യൂ കോന്നി

## ചെങ്ങന്നൂർ താലൂക്ക് സുവിശേഷവൽക്കരണം

**പാണ്ടനാട്:** സി.റ്റി.ഇ.എം.ന്റെ അടുത്ത പ്രവർത്തനം പായിപ്പാട് കാരിച്ചാൽ ബ്രദറൺ സഭയുടെ സഹകരണത്തിൽ കാരിച്ചാലിൽ ഫെബ്രു. 22-ന് നടത്തുവാൻ ആഗ്രഹിക്കുന്നു. സഹകരിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരന്മാർ രാവിലെ 9.30-ന് കാരിച്ചാൽ ബ്രദറൺ സഭാഹാളിൽ എത്തിച്ചേരുക.

സാമുവേൽ റ്റി. ഫിലിപ്പ്

## പരസ്യയോഗങ്ങൾ

മലബാറിൽ ഒൻപതു മാസം കൊണ്ട് 1000 പരസ്യയോഗങ്ങൾ നടത്തുവാൻ കർത്താവു സഹായിച്ചു. കോഴിക്കോട് 145, മലപ്പുറം 195, വയനാട് 161, കണ്ണൂർ 127, പാലക്കാട് 215, കാസർഗോഡ് 157. 32 സുവിശേഷകന്മാരും 8 സഹോദരന്മാരും പ്രസംഗിച്ചു. സുവി. റ്റി. എസ്. ജോർജ്ജ് നീലേശ്വരത്തും സാജൻ കുരവയ്ക്കൽ കാസർഗോഡും ആതിഥ്യം അരുളി.

പി.ജെ. ആന്റണി, കോഴിക്കോട്

## സുവിശേഷക്യാമ്പ് സമാപിച്ചു

**തൃശ്ശൂർ:** വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റ്, തൃശ്ശൂർ യൂണിറ്റ് സംഘടിപ്പിച്ച സുവിശേഷക്യാമ്പ് താളിക്കോട്ട് അനുഗ്രഹകരമായി നടന്നു. ഫെബ്രുവരി 10 തിങ്കളാഴ്ച ആരംഭിച്ച ക്യാമ്പ് 12 ന് സമാപിച്ചു. ബ്രദർ. പി.ഡി. തോമസ് മാറ്റാംപുറം ക്ലാസ്സുകൾ എടുത്തു. രാത്രിയോഗങ്ങളിൽ കെ.സി. സൈമൺ തേശ്ശേരി, സി.ജെ. മത്തായി ചേലക്കോട്ടുകര എന്നിവർ വചനം ശുശ്രൂഷിച്ചു. കൂടാതെ ഭവനസന്ദർശനവും പരസ്യയോഗങ്ങളും ഉണ്ടായിരുന്നു. സെക്രട്ടറി. പി.എ. ഡേവി ക്യാമ്പിന് നേതൃത്വം നൽകി.

## മിനി ക്യാമ്പ് നടന്നു

**പാതിരപ്പള്ളി (ആലപ്പുഴ):** ക്രിസ്ത്യൻ ബ്രദറൺ സഭയുടെയും കോട്ടയം ചാർലി ജേക്കബ് നയിക്കുന്ന അബ്ബാ മിനിസ്ട്രിയുടെയും ചുമതലയിൽ ജനു. 15,16,17 തീയതികളിൽ മിനി ക്യാമ്പു നടക്കുവാൻ ദൈവം കൃപ ചെയ്തു. ഭവന സന്ദർശനവും പരസ്യയോഗങ്ങളും നടന്നു. അനേകം ട്രാക്ടും, ബുക്ക്ലെറ്റും പുതിയ നിയമ കോപ്പികളും വിതരണം ചെയ്വാൻ ഇടയായി. 10 സുവിശേഷകന്മാർ ഈ പ്രവർത്തനത്തിൽ സഹകരിച്ചു.

2011-ൽ പാതിരപ്പള്ളിയുടെ പ്രദേശത്ത് കുട്ടികൾ ഉൾപ്പെടെ 16 പേർ കൂടിവരുന്ന ഒരു കൂടിവരവ് ആരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. സ്നാനത്തിനായി ചിലർ സാക്ഷ്യം പറഞ്ഞിട്ടുണ്ട്. സുവിശേഷകൻ കെ.സി. രവി കുടുംബമായി താമസിച്ച് പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

ദൈവം അനുവദിച്ചാൽ 2014 ഏപ്രിൽ 22,23,24 തീയതികളിൽ വി.ബി.എസ്. നടത്തുവാൻ ആഗ്രഹിക്കുന്നു. 100-നും 150-നും ഇടയ്ക്ക് കുട്ടികളെ പ്രതീക്ഷിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ചോദിക്കുന്നു. സഭയുടെ അഡ്രസ്: ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, പി.ബി. നമ്പർ - 15, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ, 688 521.

കെ.സി. രവി (09562344867)

## സ്നാനശുശ്രൂഷ

**മാവേലിക്കര:** വരേണിക്കൽ ബ്രദറൺ സഭയുടെ ചുമതലയിൽ ഒരു സ്നാനശുശ്രൂഷ 28-12-2013 ൽ നടക്കുവാനിടയായി. മൂന്നു കുടുംബത്തിൽ നിന്നും മൂന്നു പേർ കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചു. ഇതിൽ രണ്ടുപേർ യൗവ്വനക്കാരായ സഹോദരന്മാരാണ്. ഈ സ്നാനപ്പെട്ടവരുടെ ഭവനത്തിൽ നിന്നുള്ള മറ്റുള്ളവരും രക്ഷിക്കപ്പെട്ട് സ്നാനപ്പെടുന്നതിന് എല്ലാ ദൈവമക്കളും പ്രാർത്ഥിക്കേണമേ. ഡോ. കെ.സി.ജോൺസൺ സ്നാനശുശ്രൂഷ നിർവ്വഹിച്ചു.

എൻ.പി. ഗംഗാധരൻ

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**അടൂർ:** ബഥനി ബ്രദറൺ അസംബ്ലിയിലെ സുവിശേഷകനായിരുന്ന പരേതനായ ജോർജ്ജ് വർഗ്ഗീസിന്റെ കുടുംബത്തിന്റെ സഹായത്തിനായി സഭയായി അറിയിച്ച അഭ്യർത്ഥന പ്രകാരം സഭകളും, സംഘടനകളും വ്യക്തികളുമായി അനേകം ദൈവമക്കൾ സഹായിച്ചു. അങ്ങനെ കിട്ടിയ സാമ്പത്തിക സഹായം കൊണ്ട് ആ കുടുംബത്തിന് വാസയോഗ്യമായ ഒരു ഭവനം പണിയുവാൻ കർത്താവ് സഹായിച്ചു. ഭവനത്തിന്റെ സ്തോത്രശുശ്രൂഷ 2014 ഫെബ്രുവരി 27 വ്യാഴം 10 മണിക്ക് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. സഹോദരിക്കും കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ഈ ആവശ്യത്തിന് സഹായിക്കുകയും ചെയ്ത എല്ലാവരോടും സഭയായി ഞങ്ങൾക്കുള്ള നന്ദി കർത്തൃനാമത്തിൽ അറിയിക്കുന്നു. തുടർന്ന് ഈ ആവശ്യത്തിലേക്ക് ആരും സഭയുടെ അക്കൗണ്ടിലേക്ക് ഇനി പണം അയയ്ക്കേണ്ടതില്ല എന്നും അറിയിക്കുന്നു. ജോർജ്ജ് വർഗ്ഗീസിന്റെ കുടുംബത്തെ തുടർന്നും പ്രാർത്ഥനയിൽ വഹിക്കേണമേ.

*പി.എം. ഏബ്രഹാം, പി.എ.സാമു*

## ആറാമട ബ്രദറൺ കൺവൻഷൻ

**2014 ഫെബ്രുവരി 21,22,23 തീയതികളിൽ**

വൈകിട്ട് 6 മുതൽ 9 വരെ ആറാമട ബ്രദറൺ ചർച്ചിൽ.

പ്രസംഗകൻ: സഹോ. ജോസ് മാങ്കുടി (വയനാട്)

**ചിന്ത**

*റ്റി. വി. എസ്.*

# സകലത്തേയും കരുതുന്ന നമ്മുടെ ദൈവം

**ലോ**കത്തിലെ സകലസൃഷ്ടികളെയും നിർമ്മിച്ച ദൈവം തന്റെ സൃഷ്ടികളെ കരുതുന്നതിൽ അതീവ ശ്രദ്ധയുള്ള ഒരു വ്യക്തി പ്രഭാവമാണ്. തന്റെ കരുതലുകൾ ഓരോ ജീവജാലങ്ങളിലും ദർശിക്കുവാൻ കഴിയും. പാട്ടുകാരനായ ജോൺ സാമീസ് അതിനെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്. "ദൈവം ദിവസം തോറും അത്ഭുതകരമായ വിധം ഒരു വിരുന്നൊരുക്കുന്നു. അവന്റെ മേശയിങ്കൽ നിന്ന് സർവ്വ സൃഷ്ടികളും, മനുഷ്യനും, ജന്തുക്കളുമെല്ലാം ഭക്ഷിക്കുന്നു." അഖിലാണ്ഡത്തിന്റെ സ്രഷ്ടാവായ ദൈവം ഏറ്റവും ചെറിയതായിരിക്കുന്ന സകലത്തിന്റെയും ദൈവം ആകുന്നു.

ഒരു ദിവസം ഒന്റേറിയോ സംസ്ഥാനത്തെ ഹാമിൽട്ടൺ നഗരസഭയിലെ ജീവനക്കാർ റോഡരികിൽ റോഡിലേക്ക് ചാഞ്ഞു നിൽക്കുന്ന വൃക്ഷത്തിന്റെ കൊമ്പുകൾ മുറിച്ചു മാറ്റുകയായിരുന്നു. അവയിൽ ഒന്നിൽ ഒരു കിളിക്കൂടും അതിനുള്ളിൽ ഏതാനും ചെറിയ റോബിൻ പക്ഷിക്കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. ചെറിയ പക്ഷിക്കുഞ്ഞുങ്ങളെപ്പോലും കരുതുന്ന ദൈവം ആ കൊമ്പ് മുറിക്കുവാൻ അവരെ അനുവദിച്ചില്ല. റോബിൻ പക്ഷിയുടെ കുഞ്ഞുങ്ങൾ പറന്നു പോകുന്നതുവരെ ആ കൊമ്പ് മുറിക്കേണ്ട എന്ന് ജോലിക്കാർ തീരുമാനിച്ചു. ചില നാളുകൾക്കുശേഷം അവർ വന്നു നോക്കിയപ്പോഴേക്കും ആ കുഞ്ഞുങ്ങൾ പറന്നു പോയിരുന്നു. ആ കൂട് അതുപോലെ തന്നെ ഇരുന്നിരുന്നു. അവർ അത് എടുത്ത് പരിശോധിച്ചു നോക്കിയപ്പോൾ അതിന്റെ അടിയിൽ ഒരു കടലാസ് കഷണം കണ്ടു. കുഞ്ഞുങ്ങളുടെ ശരീരം വേദനിക്കാതിരിക്കാൻ വേണ്ടിയാണ് ആ കടലാസ് കഷണം കൂട്ടിൽ വച്ചിരുന്നത്. അവർ ആ കടലാസ് എടുത്തു വായിച്ചു നോക്കിയപ്പോൾ അതിൽ, "ഞങ്ങൾ ഞങ്ങളുടെ കർത്താവായ ദൈവത്തിൽ ആശ്രയിക്കുന്നു" എന്ന ബൈബിൾ വാക്യം അച്ചടിച്ചിരുന്നതായി കണ്ടു.

കാര്യം നിസ്സാരമായി നമുക്ക് തോന്നാമെങ്കിലും വളരെ ഗൗരവമുള്ള ഒരു ആശയം ആ പക്ഷിക്കുഞ്ഞുങ്ങളുടെ ജീവിതത്തിലൂടെ ദൈവം മനുഷ്യരെ അറിയിക്കുകയായിരുന്നു. ഈ സംഭവത്തിലൂടെ ദൈവം ഓരോ ജീവജാലങ്ങളെയും എത്ര ഭദ്രമായിട്ടാണ് കാത്തു സൂക്ഷിക്കുന്നത് എന്നു നമുക്ക് മനസ്സിലാക്കാം. ആ വാക്യ കടലാസ് അഥവാ ദൈവത്തിന്റെ വചനം അതിൽ ഉള്ളിടത്തോളം അവരുടെ ജീവിതം എത്ര ഭദ്രമായി തന്നെ ആയിരുന്നു എന്ന് നാം മനസ്സിലാക്കിയല്ലൊ. ആ വാക്യത്തിന്റെ അർത്ഥം ജോലിക്കാർ വേണ്ടതുപോലെ മനസ്സിലാക്കിയോ എന്ന് നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം ദൈവമക്കൾക്കറിയാം. ഓരോ നിമിഷവും ഓരോ ദിവസവും ദൈവം തന്റെ മക്കളെ കരുതുന്നത് എത്രയോ അതിശയകരമാം വിധത്തിലാണ്.

അസമാധാനവും, അസന്തുഷ്ടിയും, അപകടവും അക്രമവും നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. എത്രയോ ജീവിതങ്ങളാണ് ഓരോ ദിവസവും അക്രമത്തിനും അപകടത്തിനും പ്രകൃതിക്ഷോഭത്തിനും ഇരയായി തീരുന്നത്. എന്നാൽ നമ്മുടെ ദൈവമോ നമ്മെ സൂക്ഷിക്കുന്നത് അതിശയമായിട്ടല്ലെ. ഏറ്റവും ചെറിയ കുരികിലിനെപോലും കരുതുന്ന ദൈവം വയലിലെ താമരയേയും, വയലിലെ പുല്ലിനേയും ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ തന്റെ പുത്രന്റെ രക്തത്താൽ വീണ്ടെടുത്ത നമ്മെ എത്രമാത്രം കരുതുന്നു. ഓരോദിവസവും നാം അത് അനുഭവിച്ചറിയുന്നുവല്ലൊ. റോബിൻ പക്ഷിക്കുഞ്ഞുങ്ങളെ അപകടത്തിൽ നിന്ന് വിടുവിച്ച് വിശാലമായ വിഹായസ്സിൽ പറന്ന് ഉയരുവാൻ സഹായിച്ച ദൈവത്തിന്റെ കരുണ എത്ര വലിയതാണ്. അങ്ങനെയെങ്കിൽ ദൈവമക്കളെ നമ്മുടെ കാര്യത്തിലും വലിയ ശ്രദ്ധയുള്ളവനാണ് നമ്മുടെ കർത്താവ്- വെള്ളത്തിൽ മുങ്ങിപ്പോകുമോ എന്ന് കരുതിയ ശിഷ്യന്മാരെ നാലാം യാമത്തിൽ അവരുടെ അടുക്കൽ എത്തി തിരമാലകളെ ശാന്തമാക്കി മറുകര എത്തിച്ച കർത്താവ് എത്ര സ്നേഹവാനാണ്. ആകയാൽ നമ്മുടെ കർത്താവിനെ സംശയം കൂടാതെ വിശ്വസിക്കാം, ആശ്രയിക്കാം- ആകുല ചിന്തകൾ വെടിയാം- കർത്താവ് വിശ്വസ്തൻ.


SUVISESHA DHWANI
Fortnightly
Vol. 37 Issue 12
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**15.02.2014**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**

*If not delivered, please return to :*
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**


Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Puthethu Offset Printers, Kallissery, Design: **D**'Club, Kallissery.